

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH



Vol. 1 No. 21 THE ONLINE OFFICIAL NEWS BULLETTIN 2018 May 24

SEASON OF PENTECOST പെന്തിക്കോസ്തികാലം ܥܕܢܐ ܕܦܢܛܩܘܣܛܝ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
 ♪7 20 ✝ Pentiqosti (Fifteenth day after Easter) Comme. of the 4 Evangelists, All fathers of the 3 Ecumenical Synods	 ♪3 21 Comme. of St. Helen the Queen Comme. of Aaron the monk	♪7 22	♪3 23	♪7 24	♪3 25 'rubto ddahbo Golden Friday (Friday after Pentecost)	 ♪7 26 4th Memory of Mar Baselius Marthoma Didymos I Catholicos (Pathanapuram Dayara)

ഫാത്തിമയുടെയും അനുഗ്രഹിന്റെയും 'സഹോദര സ്നേഹ'ത്തിന് ബാവയുടെ സ്നേഹസമ്മാനം

ഏഴാം ക്ളാസ് വിദ്യാർഥി, സെറിബ്രൽ പാൾസി ബാധിച്ച് നടക്കാൻ കഴിയാത്ത അനുഗ്രഹിനെയും ഈ കുട്ടിയെ സ്വന്തം സഹോദരനെപ്പോലെ കൊണ്ടുനടക്കുന്ന സഹപാഠി ഫാത്തിമ ബിസ്മിയെയുമാണ് സഭ സമ്മാനം നൽകി ആദരിച്ചത്.

കോട്ടയം: ഓർത്തഡോക്സ് സഭാധ്യക്ഷൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വീതീയൻ കാതോലിക്കാ ബാവയെ കോട്ടയം റെയിൽവേ സ്റ്റേഷനിൽ കണ്ടപ്പോൾ യാത്രക്കാർക്ക് അത്ഭുതം. പലരും ഓടിയെത്തി. ചിലർ കൈ മുത്തി അനുഗ്രഹം തേടി.

തിരക്കിലും രണ്ടാം നന്പർ പ്ളാറ്റ് ഫോമിൽ ക്ഷമയോടെ അദ്ദേഹം കാത്തുനിന്നു. മലങ്കര ഓർത്തഡോക്സ് സഭയുടെ സമ്മാനം സ്വീകരിക്കാനായെത്തുന്ന കോഴിക്കോട് പറമ്പിൽക്കടവ് എം.എം.എം. യു.പി.സ് കൂളിലെ രണ്ടുവിദ്യാർഥികളെ കാത്താണ് ബാവ നിന്നത്. ഏഴാം ക്ളാസ് വിദ്യാർഥി, സെറിബ്രൽ പാൾസി ബാധിച്ച് നടക്കാൻ കഴിയാത്ത അനുഗ്രഹിനെയും ഈ കുട്ടിയെ സ്വന്തം സഹോദരനെപ്പോലെ കൊണ്ടുനടക്കുന്ന സഹപാഠി ഫാത്തിമ ബിസ്മിയെയുമാണ് സഭ സമ്മാനം നൽകി ആദരിച്ചത്.

അരമണിക്കൂർലൈ വകി കോഴിക്കോടുനിന്നുള്ള ജനശതാബ്ദി എത്തി.ൈ ട്രയിൻ നിർത്തിയതും കുടുംബാംഗങ്ങൾക്കൊപ്പം ഇരുവരും ബാവായുടെ അടുത്തേക്ക്. അനുഗ്രഹ് ചിരിച്ചുകൊണ്ട് തിരുമേനിയെ കെട്ടിപ്പിടിച്ചു. ഫാത്തിമ കൈകൂപ്പി. ബാവാ കുശലം ചോദിച്ചു.

ചിരപരിചതരെപോലെ അവർ സ്റ്റേഷന് പുറത്തേക്ക്. ഇടയ്ക്ക് അുഗ്രഹിന്





അത്രദൂരം നടക്കാൻ കഴിയുമോയെന്ന ആശങ്ക ബാവയ്ക്ക്. അദ്ദേഹം അനുഗ്രഹിനെ എടുത്തു നടന്നു. കോട്ടയം ദേവലോകം അരമനയിൽ രണ്ടുകുട്ടികളും ബാവായൊടൊപ്പം ഉച്ചഭക്ഷണം കഴിച്ചു.

ഉച്ചയ്ക്ക് ദേവലോകത്ത് നടന്ന ചടങ്ങിൽ മാതൃകാ സഹപാഠികളായ അനുഗ്രഹിനും ഫാത്തിമയ്ക്കും അഞ്ചു ലക്ഷം രൂപ ബാവ സമ്മാനമായി നൽകി. കഠിനപരിശ്രമത്താൽ മലയാളം ഉൾപ്പെടെ എല്ലാ വിഷയത്തിനും എ പ്ലസ് നേടിയ ആലപ്പുഴയിൽനിന്നുള്ള തമിഴ് വിദ്യാർഥിനി മീനാക്ഷിക്ക് ഒരു ലക്ഷം രൂപയും സമ്മാനിച്ചു. അച്ഛന്റെ മരണശേഷം അമ്മയുടെ തണലിൽ കഴിയുന്ന മീനാക്ഷിക്ക് തുടർവിദ്യാഭ്യാസത്തിനാണ് തുക.

കാതോലിക്കാ ബാവാ സമ്മേളനം ഉദ്ഘാടനം ചെയ്തു. എം.ജി.സർവകലാശാല വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ മുഖ്യപ്രഭാഷണം നടത്തി. ഫാ. ഡോ. എം.ഒ.ജോൺ അധ്യക്ഷത വഹിച്ചു.

തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ., ബിജു ഉമ്മൻ, ജേക്കബ് കൊച്ചേരി, ഫാ. അലക്സ് ജോൺ, കരിഷ്മാ ഗീവർഗീസ്, ഫാത്തിമ ബിസ്മി, പറമ്പിൽകടവ് എം.എ.എം. യു.പി.സ്കൂൾ ഹെഡ്മാസ്റ്റർ കെ.സി.ദേവാനന്ദ് എന്നിവർ സംസാരിച്ചു. ഈ വാർത്ത ജനശ്രദ്ധയിൽ കൊണ്ടുവന്ന

മാതൃഭൂമിയിലെ മാധ്യമപ്രവർത്തകരായ കെ. മധു, ജി. സതീഷ്, എം. എം. ശ്യാംകുമാർ എന്നിവരെയും ആദരിച്ചു.

മഠത്തിപ്പറമ്പിൽ മണികണ്ഠൻ-സുധാ ദമ്പതിമാരുടെ മകനാണ് അനുഗ്രഹ്. പൂതങ്ങര മുഹമ്മദാലി-നസീമ ദമ്പതിമാരുടെ മകളാണ് ഫാത്തിമ.

Published By H.G.Dr.Geevarghese Mar Yulios Media Department President-MOSC

വേദനാദം



പെന്തിക്കോസ്തി ഞായർ

പ്രബുദ്ധതയുടെ വിശുദ്ധ റൂഹാ

വി. യോഹ. 16:5-15

ഫാ. മാത്യു വർഗീസ് കുളങ്ങാട്ടിൽ

ഒരില എന്ന ഹെൻറിയുടെ കഥയോർമ്മയിൽ എത്തുന്നു. ഇപ്പോൾ ക്രിസ്തു ഒരിലയായി മാറുവാൻ മാർഗ്ഗം പകരുന്ന ഒരു കഥയാണിത്. ഒരു ചിത്രകാരൻ ആശുപത്രി വാർഡിലെ ഒരു രോഗിയുടെ മനസ്സ് അറിയുന്നുതാണ് പശ്ചാത്തലം. മുറിക്ക് പുറത്ത് നിൽക്കുന്ന മരത്തിന്റെ കൊമ്പുകളിൽ നിന്ന് ശിശിര കാലത്ത് ഇലകൾ പൊഴിഞ്ഞ് തുടങ്ങി. ഇത് കണ്ട രോഗി ജീവിതം പൊഴിഞ്ഞ് തുടങ്ങുന്നതായി ചിന്തിച്ച് തുടങ്ങുന്നു. നിരാശ മനസ്സിൽ പറ്റി പിടിക്കുന്ന ഒരു കാഴ്ച്ചയായിരുന്നു ഇത്. ഇലകളെല്ലാം പൊഴിഞ്ഞു . പക്ഷെ ഒരിലമാത്രം അതിൽ പച്ചപിടിച്ച് നിന്നത് ആ രോഗി ശ്രദ്ധിച്ചിരുന്നു. *അത് പൊഴിഞ്ഞതേയില്ല.* കൂട്ടുകാരന്റെ മനസ്സിനെ ശക്തിപെടുത്താൻ ചിത്രകാരൻ വരച്ച് വെച്ച ഒരിലയായിരുന്നു അത്. ഇലകളെല്ലാം പൊഴിഞ്ഞിട്ടും ശേഷിച്ച ആ ഒറ്റ ഇല അയാളെ ശക്തിപ്പെടുത്തി. മരണത്തിന്റെ മണ്ണിൽ നിന്ന് ഉത്ഥാനം ചെയ്ത ഒരിലയാണല്ലോ ക്രിസ്തു.

പെന്തിക്കോസ്തി പെരുന്നാളിലെ ഈ വായനാഭാഗം കർത്താവിന്റെ ഉത്ഥാനത്തിന് ശേഷം ഉണ്ടാകേണ്ട കാര്യങ്ങളെ കുറിച്ചുള്ള സൂചനയാണ്.ഈ സൂചകങ്ങൾ അവരുടെ ശിഷ്യന്മാരെ ദുഖിതരാക്കി.അതിനാൽ അവർ ഒന്നും കർത്താവിനോട് ചോദിക്കുന്നില്ല. എന്നാൽ ദൈവം അവർക്ക് അവരുടെ സാദ്ധ്യതകളെ പൂർണ്ണമായി ആവിഷ്ക്കരിക്കുന്ന ഒരു നിമിഷം ചരിത്രത്തിൽ ആവിഷ്ക്കരിച്ചിരുന്നു. അതാണ് പെന്തിക്കോസ്തി പെരുന്നാൾ.ക്രിസ്തുവിന്റെ സ്നേഹത്തിൽ വിശ്വസിക്കാത്തതാണ് പാപം.ക്രിസ്തുവിന്റെ സ്നേഹത്തെ പ്രകാശിപ്പിക്കുവാനുള്ള നിയോഗത്തെയാണ് ഈ പെരുന്നാൾ സുചിപ്പിക്കുന്നത്. അത് ലോകത്തെ ജയിച്ച സ്നേഹത്തിന്റെ ശക്തിയെ പ്രഘോഷിക്കുന്നു.

പെന്തിക്കോസ്തി: നീസാൻ(ഏപ്രിൽ)മാസം പതിനാറിന് ശേഷമുള്ള അമ്പതാം ദിനത്തിലാണ് എബ്രായർ ഇത് ആചരിക്കുക. ഒരു കൊയ്ത്തു കാല ആഘോഷമായിട്ടാണ് ഇത് തുടങ്ങിയത്. എന്നാൽ സീനായ് മലയിൽ നിന്നുള്ള ന്യായപ്രമാണലബ്ധിയുടെ ഓർമ്മകൂടയായിരുന്നു. പുതിയ ധാന്യം കൊണ്ട് യഹോവയ്ക്ക് യാഗം അർപ്പിക്കുന്നതും,രണ്ട് ശതമാനം വരുമാനം യഹോവയ്ക്ക് സമർപ്പിക്കുന്നതും ഇതിന്റെ ഭാഗമായിരുന്നു.(ലേവ്യ 23:16) . ഇസ്രായേലിന്റെ അടയാളമായി മക്കാബ്യരുടെ കാലത്ത് തയ്യാറാക്കിയ നാണയങ്ങളിൽ മുന്തിരിവള്ളിയുടെ രൂപമുണ്ടായിരുന്നു. അത് ഇസ്രായേലിന്റെ അടയാളം തന്നെയായിരുന്നു. പ്രവാചകന്മാരുടെ വാക്കുകളിൽ മുന്തിരിയുടെ മുദ്രപതിഞ്ഞത് പഴയനിയമത്തിൽ കാണാം.(എശയ്യ 5.1-7),യിരമ്യ 2.21,യെഹസ് 15,19,10 ഹോശ 10.1) ഈ വേദഭാഗങ്ങൾ, കർഷക സംസ്ക്കാരത്തിന്റെ തനിമയിൽ, നന്മയുടെ സാധ്യതകളെ കുറിച്ച് വിശദീകരിക്കുന്നു.

1. ആശ്വാസദാതാവാം ദൈവം: ബദൽമാർഗ്ഗങ്ങൾ(വ.5)

യേശുവിനൊടൊപ്പമുള്ള ലോകജീവിതത്തെക്കാൾ ഉപരിയായ മറ്റൊരു സാധ്യത ശിഷ്യസമൂഹം ചിന്തിച്ചിരുന്നില്ല. അതുകൊണ്ടാണ് രാജ്യം കരസ്ഥമാക്കുന്ന ഗുരുവിനെകുറിച്ചവർ കിനാവ് കണ്ടത്; വലതും ഇടതും ഇരിക്കുന്നതിനെക്കുറിച്ച് കലഹിച്ചത്. എന്നാൽ ഞാൻ പോയില്ലെങ്കിൽ ആശ്വാസദാതാവ് നിങ്ങളുടെ അടുക്കൽ വരികയില്ല എന്ന് കർത്താവ് പറയുമ്പോൾ മറ്റൊരു ദൈവീകഹിതം അടയാളപ്പെടുത്തുകയാണ് ക്രിസ്തു. തന്റെ ശാരീരീക സാന്നിദ്ധ്യത്തെക്കാൾ അവർക്ക് പ്രയോജനകരമാവുന്ന പരിശുദ്ധാത്മാസാന്നിദ്ധ്യത്തെ കുറിച്ചാണ് ക്രിസ്തു പറയുന്നത്. കർത്താവിന്റെ മരണവും ഉത്ഥാനവും മൂലമാണ് മനുഷ്യവർഗ്ഗത്തിന്റെ വിമോചനം സാധിക്കുന്നത്. ആയതിനാൽ അവ നടക്കാതെ പരിശുദ്ധ റൂഹായാകുന്ന കാര്യസ്ഥൻ വരികയില്ല. യേശുവിനോടുള്ള വ്യക്തിബന്ധവും ശാരീരികസാന്നിദ്ധ്യവും അവരെ തന്നോടുള്ള ഭക്തിബഹുമാനങ്ങളിൽ കേന്ദ്രികരിക്കപ്പെട്ടിരിക്കുന്നതിനാൽ ആത്മീയമായ അവരുടെ ലക്ഷ്യബോധം അവരിൽ കുറഞ്ഞുപോകുന്നുണ്ട്. ആകയാൽ അവിടുത്തെ ശാരീരികസാന്നിദ്ധ്യം പിൻവലിക്കപ്പെടുന്നതോടെ പരിശുദ്ധാത്മാവ് അവരെ ശക്തിപ്പെടുത്തി അവരെ ഉയർത്തുകയും ബലഹീനരെ ശക്തിപ്പെടുത്തി ലോകത്തെ നേടുവാൻ ശക്തിയുള്ളവരാക്കി തീർക്കുകയും ചെയ്യും. ആയതിനാൽ പെന്തിക്കോസ്തി ക്രിസ്തുവാകുന്ന നിത്യജീവനിൽ ഉല്ലസിക്കുവാനുള്ള ക്ഷണമാകണം. നാം ആത്യന്തികമായി കാണുന്ന സങ്കേതങ്ങളിൽ നിന്നും ദൈവീകഹിതത്തിന്റെ പരിപൂർണ്ണതയിലേക്കുള്ള പ്രയാണമാണത്.



2. പ്രബോധകന്റെ പ്രബുദ്ധത(വ.8)

ലോകത്തിനു ബോധ്യം വരുത്തും എന്ന തർജ്ജമയ്ക്ക് ആഴമായ അർത്ഥമുണ്ട്. കർത്താവിനെ കുറിച്ച് ലോകം ഇനി അറിയുന്നത് തന്റെ ശിഷ്യരിലൂടെയാണ്. *പരിശുദ്ധാത്മാവ് വരുമ്പോൾ അവൻ പാപത്തെ കുറിച്ചും,നീതിയെ കുറിച്ചും ന്യായവിധിയെക്കുറിച്ചും അവരിലൂടെ ലോകത്തിന് അനിഷേദ്ധ്യമായ തെളിവുകൾ പരിശുദ്ധറൂഹാ നൽകും.* ലോകത്തിന് ബോദ്ധ്യം വരുത്തും എന്ന തർജ്ജമയ്ക്ക് *കുറ്റബോധം വരുത്തുക, ശാസിക്കുക* എന്നെല്ലാം അർത്ഥമുണ്ട്. പരിശുദ്ധാത്മാവ് വരുമ്പോൾ ചിലരുടെ ഹൃദയത്തെ അത് ശരിയായി സ്പർശിച്ചിട്ട് അവർ മാനസാന്തരപ്പെടുവാനും ചിലർക്ക് ഹൃദയാന്ധത മാറുവാനും അത് സഹായിക്കും. ചിലർ തങ്ങളുടെ അബോധത്തിലെ അജ്ഞതകളെ സ്ഥിരപ്പെടുത്തി

വി. സഭയും വാങ്ങിപ്പോയവരും

ഫാ. ഡോ. ജേക്കബ് കുര്യൻ

വാങ്ങിപ്പോയവരുടെ സ്ഥിതി

വാങ്ങിപ്പോകുന്നവർ ഒരു നിദ്രയിലേക്കോ, പൂർണ്ണമായ വിശ്രമത്തിലേക്കോ ആണ് കടക്കുന്നതെന്നു ചിന്തിക്കുകയാണെങ്കിൽ, അവസാനനാളിലെ ന്യായവിധിയുടെ ഏക മാനദണ്ഡം അവരെ സംബന്ധിച്ചിടത്തോളം ഈ ലോകത്തിലെ ജീവിതം മാത്രമാണ്. അപ്പോൾ പിന്നെ അവർക്കുവേണ്ടി മറ്റുള്ളവർ എന്തിനാണ് പ്രാർത്ഥിക്കുന്നത് എന്നുചോദിച്ചേക്കാം. നവീകരണ ചിന്താഗതിയുടെ പ്രധാന ലക്ഷ്യം ഇങ്ങനെയായിരിക്കും. ഓർത്തഡോക്സുകാരും റോമൻ കത്തോലിക്കരും അല്പം വ്യത്യസ്തമായ രീതിയിലാണ് വാങ്ങിപ്പോയവരുടെ സ്ഥിതിയെ കാണുന്നത്. വാങ്ങിപ്പോകുന്നവർ നിദ്രയിലേക്കോ പൂർണ്ണവിശ്രമത്തിലേക്കോ അല്ല പോകുന്നത്. പ്രത്യുത സ്ഥലകാലപരിമിതികളില്ലാത്ത ഒരു സ്ഥിതിവിശേഷത്തിൽ ഉണർവ്വോടെയുള്ള ജീവിതം തുടരുകയാണ്. പ്രസ്തുത 'സ്ഥിതിവിശേഷം' ആണ് സഭയുടെ അദൃശ്യമായ വശം. സഭ, ജീവിച്ചിരിക്കുന്ന വിശ്വാസികളുടെ മാത്രം സമൂഹം അല്ല. അതിൽ ജീവനുള്ളവരും വാങ്ങിപ്പോയവരുമായ വിശ്വാസികൾ അംഗങ്ങളാണ്. വേദപുസ്തക വെളിച്ചത്തിൽ ഇതിനെക്കുറിച്ച് ഇനിയും ചിന്തിക്കാം.

1. എഫേസ്യ 1:23, കൊലോസ്യ 1:18, 24, എഫേ. 4:4, കൊലോ. 3:15 എന്നീ ഭാഗങ്ങളിൻപ്രകാരം ക്രിസ്തുവിന്റെ ശരീരമാണ് സഭ; എഫേസ്യ 5:22-27 ൻപ്രകാരം ക്രിസ്തുവിന്റെ മണവാട്ടിയാണ് സഭ; എഫേസ്യ. 2:19-22; 1 കൊരി 3:16-17; 6:19 എന്നീ ഭാഗങ്ങളിൻപ്രകാരം ദൈവത്തിന്റെ മന്ദിരമാണ് സഭ. ക്രിസ്തു പണിയുവാൻ വന്നതും (മത്താ. 16:18). ക്രിസ്തു ഒരുക്കുവാൻപോയ അനേകം വാസസ്ഥലങ്ങളുള്ള പിതാവിന്റെ ഭവനവും (യോഹ. 14:2) ആണ് സഭ. അപ്പോൾ ക്രിസ്തുവുമായി അഭേദ്യബന്ധം പുലർത്തുന്ന സഭയും ക്രിസ്തുവിനോടൊപ്പം മരണത്തിനതീതമായി സ്ഥിതിചെയ്യണം. ആ സഭയിലെ അംഗങ്ങളും അങ്ങനെയുള്ള അനുഭവം യാഥാർത്ഥ്യമാക്കിയവരായിരിക്കണം. അതുകൊണ്ട് സഭയിൽ വാങ്ങിപ്പോയവരും ജീവിച്ചിരിക്കുന്നവരുമായ എല്ലാ വിശ്വാസികളും ഉൾപ്പെടുന്നു.

2. എഫേസ്യ 2:20-22ൽ "അപ്പോസ്തോലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിൽ" പണിയപ്പെടുന്ന ആലയമായി വി. സഭയെ കാണുന്നു. ഈ അപ്പോസ്തലന്മാരും പ്രവാചകന്മാരും വാങ്ങിപ്പോയല്ലോ. എന്നിട്ടും ആ അടിസ്ഥാനത്തിൽ പണിയപ്പെടുന്നു എന്നുപറയുന്ന സഭ വാങ്ങിപ്പോയവരും ഉൾപ്പെടുന്നതാണെന്നല്ലേ സൂചന?

3. വാങ്ങിപ്പോയവർ 'സാക്ഷികളുടെ വലിയ ഒരു സമൂഹമായി (എബ്രാ. 12:1) നമുക്കു ചുറ്റും നിന്നുകൊണ്ട് സ്ഥലകാല പരിമിതികളില്ലാതെ ദൈവസമ്പർക്കം അനുഭവിക്കയാണ് (വെളിപാട് 7:13-17) എന്ന് വേദപുസ്തക സൂചന ലഭിക്കുന്നുണ്ട്. ആരാധനയിൽ പ്രത്യേകിച്ച് സഭ ഈ സമൂഹ സമ്പർക്കത്തെ അനുഭവിച്ചിരുന്നു. "സ്വർഗ്ഗത്തിൽ പേരെഴുതിയിരിക്കുന്ന ആദ്യജാതന്മാരുടെ സഭയ്ക്കും എല്ലാവരുടേയും ദൈവമായ ന്യായാധിപതിക്കും സിദ്ധന്മാരായ നീതിമാന്മാരുടെ ആത്മാക്കൾക്കും പുതുനിയമത്തിന്റെ മദ്ധ്യസ്ഥനായ യേശുവിനും ഹാബേലിന്റെ രക്തത്തെക്കാൾ ഗുണകരമായി സംസാരിക്കുന്ന പുണ്യാഹരക്തത്തിനും അടുക്കലത്രെ നിങ്ങൾ വന്നിരിക്കുന്നത്" (എബ്രാ. 12:22-24).

4. സഭാജീവിതം ക്രിസ്തുവിലുള്ള ദൈവസ്നേഹത്തിലെ ജീവിതമാണ്. ആ ജീവിതത്തിൽ നിന്നു നമ്മെ മരണത്തിനു വേർപെടുത്താൻ കഴിയില്ല എന്ന് പൗലോസ് ശ്ലീഹാ പറയുന്നു (റോമർ 8:38).

5. സഭാംഗമാകുക എന്നുപറഞ്ഞാൽ ഒരു ശരീരത്തിന്റെ അംഗമാകുകയാണ്; അതുകൊണ്ട് സഭാംഗങ്ങൾ പരസ്പരം ഭാരങ്ങളെ ചുമക്കുകയും കരുതുകയും വേണം എന്ന് പൗലൂസ് പറയുന്നു. (റോമ. 12:4,5; 1 കൊരി. 12:12-26) വാങ്ങിപ്പോകുന്നവർ ഈ ശരീരസമ്പർക്കത്തിൽ നിന്ന് ഇതരരാകുന്നില്ല.

6. പൗലോസ് ശ്ലീഹാ ഫിലിപ്പ്യലേഖനം 1:19 മുതൽ 26 വരെയുള്ള ഭാഗത്ത് ശരീരത്തോടെയിരിക്കുന്നതിനെയും വാങ്ങിപ്പോകുന്നതിനെയും തമ്മിൽ താരതമ്യം നടത്തുന്നുണ്ട്. വാങ്ങിപ്പോകുന്നത് ക്രിസ്തുവിനോടുകൂടെയിരിക്കാനാണ് എന്നും അത് ഏറെ നല്ലതാണെന്നും 1:23 ൽ പ്രത്യേകിച്ചു പറയുന്നു. വാങ്ങിപ്പോകുന്നത് ക്രിസ്തുവിനോടുകൂടെയുള്ള കൂടുതൽ സജീവമായ ജീവിതത്തിലേയ്ക്കുള്ള പ്രവേശനമാണെന്നാണ് ഇതു സൂചിപ്പിക്കുന്നത്. ഇതേ ആശയം കൂടുതൽ വിശദമാക്കുകയാണ് 2 കൊരി. 5-8 ൽ വാങ്ങിപ്പോയാലും ക്രിസ്തുവിനെ പ്രസാദിപ്പിക്കണം എന്ന ആഗ്രഹം വാങ്ങിപ്പോകുമ്പോഴുള്ള സജീവമായ സ്ഥിതിയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

7. വി. ലൂക്കോസിന്റെ സുവിശേഷം 16-ാം അദ്ധ്യായത്തിൽ ധനവാന്റെയും ലാസറിന്റെയും ഉപമ രേഖപ്പെടുത്തിയിരിക്കുന്നു. അവിടെ ധനവാനും ലാസറും അബ്രഹാം പിതാവും തമ്മിലുള്ള ബന്ധം കർത്താവ് ചിത്രീകരിച്ചിരിക്കുന്നു. ഇതിൽനിന്നു നമുക്കു ലഭിക്കുന്ന ഒരു സൂചന, വാങ്ങിപ്പോകുന്നവർക്ക് സജീവമായ ഒരവസ്ഥ ഉണ്ടെന്നും ജീവിച്ചിരിക്കുന്നവരെക്കുറിച്ച് അവർക്ക് സ്നേഹവും താൽപര്യവും ഉണ്ടെന്നുള്ളതുമാണ്. അവിശ്വാസിയായിരുന്ന ധനവാന് ഇതുണ്ടായിരുന്നുവെങ്കിൽ വിശ്വാസികളായ വാങ്ങിപ്പോകുന്നവർക്ക് എത്രയധികം ഉണ്ടാകും. ലൂക്കോ 20:37, 38 വാങ്ങിപ്പോയവരുടെ സജീവാവസ്ഥ സൂചിപ്പിക്കുന്നു: "ദൈവമോ മരിച്ചവരുടെ ദൈവമല്ല, ജീവനുള്ളവരുടെ ദൈവമത്രേ. എല്ലാവരും അവന് ജീവിച്ചിരിക്കുന്നുവല്ലോ".

8. യോഹ. 11:26ൽ ഒരു വിശ്വാസിയെക്കുറിച്ച് കർത്താവ് പറയുന്നു: "എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും; ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കയില്ല" വിശ്വാസികളായ വാങ്ങിപ്പോകുന്നവരുടെ അവസ്ഥയിലേക്കും ഇത് വെളിച്ചം വീശുന്നുണ്ട്.

9. മാമോദീസാ (സ്നാനം) സ്വീകരിക്കുന്നവൻ ക്രിസ്തുവിന്റെ മരണത്തിൽ പങ്കാളിയായെന്നും പിന്നീടുള്ള ജീവിതം "ജീവന്റെ പുതുക്കത്തിൽ" (റോമ. 6:5) ആണെന്നും അത് നിത്യമായി ക്രിസ്തുവിലുള്ള ജീവിതം ആണെന്നും റോമാലേഖനത്തിൽ സൂചിപ്പിക്കുന്നു (റോമ. 6:8-11). "നാം ക്രിസ്തുവിനോടുകൂടെ മരിച്ചു എങ്കിൽ അവനോടു കൂടെ ജീവിക്കും" എന്നു വിശ്വസിക്കുന്നു. ക്രിസ്തു മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റിരിക്കയാൽ ഇനി മരിക്കയില്ല. മരണത്തിന് അവന്റെമേൽ ഇനി കർത്തൃത്വമില്ല എന്നു നാം അറിയുന്നുവല്ലോ. അവൻ മരിച്ചതു പാപസംബന്ധമായി ഒരിക്കലായിട്ടു മരിച്ചു. അവൻ ജീവിക്കുന്നതോ ദൈവത്തിനു ജീവിക്കുന്നു. അവ്വണ്ണം നിങ്ങളും പാപസംബന്ധമായി മരിച്ചവർ എന്നും ക്രിസ്തുയേശുവിൽ ദൈവത്തിനു ജീവിക്കുന്നവർ എന്നും നിങ്ങളെത്തന്നെ എണ്ണുവിൻ."

10. ശരീരത്തിന്റെ വേർപാടിന് 'നിദ്ര' എന്നപദം വേദപുസ്തകം ഉപയോഗിക്കുന്നത് സ്ഥലകാലപരിമിതികളിൽനിന്ന് വിമുക്തമായ ജീവിതം എന്നയർത്ഥത്തിലാണ്. പൗലൂസ് ശ്ലീഹാ "നിദ്രകൊള്ളുന്നവരെക്കുറിച്ച്" (1 തെസ്സ. 4:13) എന്നുപറയുന്നത് ഈ അർത്ഥത്തിലാണ്. ".....നാം ഉണർന്നിരുന്നാലും ഉറങ്ങിയാലും തന്നോടുകൂടെ ജീവിക്കേണ്ടതിനു നമുക്കുവേണ്ടി മരിച്ച നമ്മുടെ കർത്താവായ യേശുക്രിസ്തു മൂലം രക്ഷയെ പ്രാപിപ്പാനത്രെ നിയമിച്ചിരിക്കുന്നത്" (1 തെസ്സ. 5:10). ഈ പരാമർശത്തിലും 'ഉറക്കം' ശൂന്യമായ ഒരവസ്ഥയായി കാണുന്നില്ല. കൂടാതെ 'നിദ്ര' എന്ന പ്രതിഭാസം തന്നെയെടുത്താലും സമ്പൂർണ്ണമായും നിശ്ചലമായ ഒരു അവസ്ഥയല്ലല്ലോ അത്. നിദ്രയിൽ പലപ്പോഴും സ്വപ്നലോകത്തിലെ സജീവമായ ജീവിതത്തിൽ നാം പങ്കുകാരാകുന്നുണ്ട്. നിദ്രയിലും ശരീരത്തിന്റെ അടിസ്ഥാനപരമായ കർമ്മങ്ങൾ തുടരുന്നുണ്ട്. ഈ വിധത്തിൽ നോക്കിയാലും 'നിദ്ര' സമ്പൂർണ്ണമായ ഒരു മൗനതയായിട്ട് പൗലോസ് ശ്ലീഹാ ഉദ്ദേശിക്കുന്നില്ല. ഗോതമ്പുമണി ചാവുന്നതിനോടും 'നിദ്രയെ' ഉപമിക്കുന്നു (1 കൊരി. 15:36, 37). ഗോതമ്പുമണി ചാവുന്നു എന്നുപറയുന്നത് മണ്ണിനടിയിലെ സജീവമായ ഒരു രൂപാന്തരപ്രക്രിയയെ ഉദ്ദേശിച്ചാണ്. ഇതിനോടാണ് വിശ്വാസിയുടെ മരണത്തെ ഉപമിക്കുന്നത്. നിദ്രയെ നിർജ്ജീവാവസ്ഥയായി കണ്ടുകൊണ്ടല്ല, പ്രത്യുത ആന്തരികമായ രൂപാന്തരത്തിന് മരണത്തിലും പ്രസക്തിയുണ്ട് എന്നു സൂചിപ്പിക്കുവാനാണ്.

11. 1 പത്രോസ് 4:6-ൽ, കർത്താവ് മരിച്ചവരോടു സുവിശേഷം അറിയിച്ചതിനെക്കുറിച്ചും 1 പത്രോസ് 3:19-ൽ തടവിലുള്ള ആത്മാക്കളോടു താൻ പ്രസംഗിച്ചതിനെക്കുറിച്ചും പറയുന്നു. ഇതിന്റെ രണ്ടിന്റെയും സൂചന വാങ്ങിപ്പോകുന്നവർക്ക് സജീവമായതും ഉത്തരവാദിത്വത്തോടെയുള്ളതുമായ ഒരു സ്ഥിതി വിശേഷം ഉണ്ടെന്നുള്ളതുമാണല്ലോ.

12. ലൂക്കോ 23:43-ൽ, അനുതപിച്ച കള്ളനോട് കർത്താവ് പറയുന്നു: "നീ ഇന്ന് എന്നോടുകൂടി പറുദീസായിൽ ഇരിക്കും" എന്ന്. കർത്താവിനോടുകൂടിയുള്ള സജീവമായ ഒരു അവസ്ഥയിലേക്കുള്ള വാഗ്ദാനം ആയിരുന്നു ഇത് എന്നു വ്യക്തമാണ്.

13. മറുരൂപമലയിൽ വച്ച് മോശയും ഏലിയാവും കർത്താവിനോടു സംഭാഷിച്ചതായി പറയുന്നു (മത്താ. 17:3). വാങ്ങിപ്പോയ മോശയും ഏലിയാവും കർത്താവിന്റെ മനുഷ്യാവതാര ദൗത്യവുമായി എത്രമാത്രം ബന്ധപ്പെട്ടിരുന്നു എന്നും അവർക്ക് അങ്ങനെയുള്ള കാര്യങ്ങളിൽ ബന്ധപ്പെടാൻ സാധിക്കുന്ന ഒരവസ്ഥയുണ്ടായിരുന്നു എന്നും ഇതു സ്പഷ്ടമാക്കുന്നു.

14. "മരിച്ചവരും മൗനതയിലിരിക്കുന്നവരും യഹോവയെ സ്തുതിക്കുന്നില്ല" എന്ന് സങ്കീർത്തനം 115:17ൽ പറയുന്നു. വാങ്ങിപ്പോയവരുടെ സ്ഥിതി മൗനതയാണെന്ന് ഇതു സൂചിപ്പിക്കുന്നുവെന്ന് ചിലർ വാദിച്ചേക്കാം. എന്നാൽ ഇതു വാങ്ങിപ്പോകുന്നവരുടെ സ്ഥിതിയെക്കുറിച്ചല്ല ജാതികളും വിഗ്രഹാരാധികളും ജീവിച്ചിരിക്കുമ്പോൾ തന്നെ മരിച്ചിരിക്കുന്നുവെന്നുള്ള ഒരു സൂചനയാണെന്നും പ്രസ്തുത സങ്കീർത്തനം മുഴുവൻ വായിച്ചാൽ മനസ്സിലാകും. അടുത്തവാക്യം കൂടുതൽ ശ്രദ്ധേയമാണ്: "നാമോ ഇന്നുമുതൽ എന്നേക്കും യഹോവയെ വാഴ്ത്തും" (സങ്കീ. 115:18) എന്നുപറയുന്നു. ജാതികളുമായി സങ്കീർത്തനക്കാരൻ തന്നോടുകൂടെയുള്ളവരെ താരതമ്യപ്പെടുത്തിക്കൊണ്ട് അവർ എല്ലായ്പ്പോഴും (വാങ്ങിപ്പോയാലും) ദൈവത്തെ സ്തുതിക്കും എന്ന സൂചനയാണ് നൽകുന്നത്.

മേല്പറഞ്ഞ സംഗതികളുടെ അടിസ്ഥാനത്തിൽ ന്യായമായി ഊഹിക്കാവുന്നത്, വാങ്ങിപ്പോകുന്ന വിശ്വാസികൾ സഭയിൽ തന്നെ സജീവമായ ഒരു അവസ്ഥയിലാണെന്നുമാണ്. അങ്ങനെയെങ്കിൽ വാങ്ങിപ്പോയവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും വാങ്ങിപ്പോയ വിശുദ്ധന്മാരുടെ പ്രാർത്ഥനയിൽ അഭയം പ്രാപിക്കുവാനും എന്തു ന്യായമാണുള്ളത് എന്ന് ചിന്തിക്കാം.

വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള പ്രാർത്ഥനയും പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയും

1. വാങ്ങിപ്പോയവർ സഭയിൽതന്നെ, സഭയുടെ അംഗങ്ങളായി തുടരുന്നു എന്നു നാം കണ്ടുകഴിഞ്ഞു. സഭയുടെ അംഗങ്ങളുടെ പ്രധാന ഉത്തരവാദിത്തം പരസ്പരം പ്രാർത്ഥിക്കുകയാണ് എന്ന് വേദപുസ്തകം പറയുന്നു. പൗലോസിന്റെ ലേഖനങ്ങളിൽ ഇതിനു ധാരാളം തെളിവുകൾ ഉണ്ട്. അപ്പോൾ സഭാംഗങ്ങൾ എന്നനിലയിൽ വാങ്ങിപ്പോയവർക്കുവേണ്ടി പ്രാർത്ഥിക്കുന്നത് ന്യായയുക്തമല്ലേ?.

2. വാങ്ങിപ്പോയവർക്കുവേണ്ടി പ്രാർത്ഥിക്കണം എന്ന് കർത്താവ് പുതിയനിയമത്തിൽ പറയുന്നില്ല എന്ന് ചിലർ വാദിച്ചേക്കാം. പുതിയനിയമത്തിൽ ഒരു കല്പനയായിട്ട് നൽകുന്നില്ല എന്നത് മാത്രം അതിനെ നിഷേധിക്കുവാൻ മതിയായ കാരണമല്ല. വാങ്ങിപ്പോയവർക്കുവേണ്ടി പ്രാർത്ഥിക്കരുത് എന്ന് നേരെ മറിച്ച് ഒരു കല്പന, പുതിയനിയമം നൽകാത്തിടത്തോളം വിശദമായ പഠനം നടത്തി വേദപുസ്തകപരമായ അടിസ്ഥാനം നിർണ്ണയിക്കേണ്ടതാണ്.

3. വാങ്ങിപ്പോയവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതുമൂലം അവർക്ക് എന്ത് പ്രയോജനമാണ് ഉണ്ടാകുന്നതെന്ന് ചോദിച്ചേക്കാം. വിശ്വാസികൾ എല്ലാവരും പുനരുത്ഥാനത്തിന്റെ നാളുവരെയും വളർച്ചയുടെയും ശുദ്ധീകരണത്തിന്റെയും അവസ്ഥയിലാണ്. (ഫിലി. 1:4; 1 കൊരി. 1:8; 1 തെസ്സ. 5:23) അപ്പോൾ പരസ്പരം പ്രാർത്ഥിക്കുന്നതുമൂലം ഈ വളർച്ചയെയും ശുദ്ധീകരണത്തെയും അത് സഹായിക്കും. കൂടാതെ, മരിച്ചവരോട് സുവിശേഷം അറിയിച്ചതുതന്നെ അവർക്ക് ആ അവസ്ഥയിൽ സ്വയം തിരുത്തുവാനും കൃപ ലഭിക്കുവാനും യോഗ്യതയും സാദ്ധ്യതയും ഉള്ളതുകൊണ്ടാണല്ലോ. അപ്പോൾ അതേ ലക്ഷ്യം വച്ചുകൊണ്ട് അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതും ന്യായയുക്തമാണല്ലോ.

4. കർത്താവിന്റെ കാലത്തും, അതിനുമുമ്പും യഹൂദന്മാരുടെ ഇടയിൽ ഭാഗ്യസ്മരണാർഹരായ വാങ്ങിപ്പോയവരെ ഓർക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തിരുന്നതായി തെളിവുണ്ട്. രൂത്ത് 2:20-ൽ 'യഹോവ ജീവനുള്ളവരോടും മരിച്ചവരോടും ദയവുള്ളവനാണ്' എന്നു പറയുന്നു. 1 ശമുവേൽ 28-ൽ വാങ്ങിപ്പോയ ശമുവേലിന്റെ പ്രത്യേകം സഹായം ശൗൽ തേടുന്നു. പ്രത്യേകിച്ച് 19-ാം വാക്യത്തിൽ "നാളെ നീയും നിന്റെ പുത്രന്മാരും എന്നോടുകൂടെ ആകും" എന്ന് പറയുന്നതിൽ നിന്ന് മരണാനന്തര അവസ്ഥയിലേക്കുള്ള ഒരു സൂചന ലഭിക്കുന്നു. ആവർത്തനം 26:14 ഈ സംഗതിയിലേക്ക് വെളിച്ചം വീശുന്നതാണ്. അതിന്റെ വളർച്ചയാണ്, ആളുകൾ മരിക്കുമ്പോൾ നടത്തിയിരുന്ന ദുഃഖാചരണവും അനുസ്മരണയും. മോശ മരിച്ചപ്പോഴും (ആവ. 34:8) അഹറോൻ മരിച്ചപ്പോഴും (സംഖ്യ 20:29) നടത്തിയത് ഇതിനുമുമ്പിലുള്ള ഉദാഹരണമാണ്. യഹൂദ മഹാപുരോഹിതന്മാർ മാർവ്വിടത്തിൽ അണിഞ്ഞിരുന്ന പതക്കം ഇസ്രായേലിന്റെ പന്ത്രണ്ട് ഗോത്രങ്ങളെയും ഗോത്രപിതാക്കന്മാരെയും ദൈവസന്നിധിയിൽ അനുസ്മരിക്കുന്നതിന്റെ സൂചനയും ആയിരുന്നു (പുറപ്പാട് 28:21). അപ്പോക്രീഫാ പുസ്തകമായ മക്കാബിയരുടെ പുസ്തകത്തിൽ വാങ്ങിപ്പോയവരെ അനുസ്മരിച്ച് ദൈവസന്നിധിയിൽ പ്രാർത്ഥന നടത്തിയതിന് വ്യക്തമായ തെളിവുണ്ട് (2 മക്കാബിയർ 12:45; 5:15).

5. എഫേ. 6:18-ലും 1 തിമോത്തി 2:1-ലും സകല മനുഷ്യർക്കും വിശുദ്ധന്മാർക്കും വേണ്ടി പ്രാർത്ഥിക്കേണ്ടയാവശ്യകത പൗലോസ് സൂചിപ്പിക്കുന്നു. ഈ സകലരിലും നിന്ന് വാങ്ങിപ്പോയവരെ ഒഴിവാക്കിയെന്ന് പറയാമോ?

6. 2 തിമോത്തി 1:6-18, ഒനെസിഫോറസിന്റെ പേരിലുള്ള ഒരു അനുസ്മരണയാണ്. ഒനേസിഫോറസ് വാങ്ങിപ്പോയപ്പോൾ വി. പൗലൂസ് അവന്റെ കുടുംബത്തിനു നൽകുന്ന ആശ്വാസവചനവും അവനുവേണ്ടിയുള്ള ഒരു പ്രാർത്ഥനാവചനവുമായിട്ടാണ് ഇതിനെ മനസ്സിലാക്കേണ്ടത്. "ആ ദിവസത്തിൽ കർത്താവിന്റെ പക്കൽ കരുണ കണ്ടെത്തുവാൻ കർത്താവ് അവനു സംഗതി വരുത്തട്ടെ" എന്നത്, വാങ്ങിപ്പോയവന് അവസാനദിവസം കരുണ ലഭിക്കുവാനുള്ള ഒരു പ്രാർത്ഥനയാണ്.

7. ആദിമ നൂറ്റാണ്ടുകളിൽ വാങ്ങിപ്പോയ ക്രിസ്ത്യാനികളുടെ ഭൗതികാവശിഷ്ടങ്ങൾ അടങ്ങിയിരുന്ന സ്ഥലങ്ങളിൽ നിന്ന് കണ്ടുകിട്ടിയിരിക്കുന്ന തെളിവുകൾ വാങ്ങിപ്പോയവർക്കുവേണ്ടി ആദിമസഭയും പ്രാർത്ഥന നടത്തിയിരുന്നു എന്നുവ്യക്തമാക്കുന്നവയാണ്. പ്രത്യേകിച്ച് ശവകുടീരങ്ങളിൽ എഴുതിയിരിക്കുന്ന മേലെഴുത്തുകൾ പലതും വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള പ്രാർത്ഥനകൾ ആയിരുന്നു.

8. വാങ്ങിപ്പോയവർക്കുവേണ്ടി സ്നാനം സ്വീകരിച്ചിരുന്നതിനെ സംബന്ധിച്ച് നാം കാണുന്ന തെളിവും (1 കൊരി. 15:20) മേല്പറഞ്ഞതിനെ സാധൂകരിക്കുന്നതാണ്.

9. ആദ്യകാലഘട്ടത്തിൽ, സഭയ്ക്ക് സുധീരനേതൃത്വം കൊടുത്ത പല സഭാനേതാക്കന്മാരും മരിച്ചപ്പോൾ (വാങ്ങിപ്പോയപ്പോൾ) അവരെക്കുറിച്ച് നടത്തിയ ചരമപ്രസംഗങ്ങൾ (Funeral orations) പലതും നമുക്ക് ഇന്നു ലഭിച്ചിട്ടുണ്ട്. അവയുടെ സൂചനയും വാങ്ങിപ്പോയവർക്കുവേണ്ടി സഭയിൽ പ്രാർത്ഥന നടത്തിയിരുന്നു എന്നത് തന്നെയാണ്.

വാങ്ങിപ്പോയ വിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുന്നതിനെക്കുറിച്ച്

1. വാങ്ങിപ്പോയ വിശ്വാസികൾ സജീവാവസ്ഥയിലാണെന്നും അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നത് ന്യായയുക്തമാണെന്നും ചിന്തിക്കുന്നുവെങ്കിൽ, വാങ്ങിപ്പോയവർ ജീവിച്ചിരിക്കുന്നവർക്കുവേണ്ടിയും പ്രാർത്ഥിക്കും എന്നുള്ളത് സ്വാഭാവികമാണല്ലോ. അപ്പോൾ വാങ്ങിപ്പോയ വിശുദ്ധരായ ആളുകൾ കൂടുതൽ പ്രാർത്ഥിക്കുമെന്നും അവരുടെ പ്രാർത്ഥനയ്ക്ക് പ്രത്യേക പ്രാധാന്യം ഉണ്ടെന്നും ചിന്തിക്കുന്നത് ന്യായമാണല്ലോ.

2. യേശുക്രിസ്തു തന്റെ ശിഷ്യരോടു പറയുന്നു "നിങ്ങൾ എന്നെ തെരഞ്ഞെടുത്തു എന്നല്ല, ഞാൻ നിങ്ങളെ തെരഞ്ഞെടുത്തു. നിങ്ങൾ പോയി ഫലം കായ്ക്കേണ്ടതിനും നിങ്ങളുടെ ഫലം നിലനിൽക്കേണ്ടതിനും നിങ്ങളെ ആക്കിവച്ചുമിരിക്കുന്നു; നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോട് അപേക്ഷിക്കുന്നതൊക്കെയും അവൻ നിങ്ങൾക്ക് തരുവാനായിട്ടുതന്നെ" (യോഹ. 15:16). പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ടവരായ ശിഷ്യന്മാർ അപേക്ഷിക്കുന്നത് ലഭിക്കും എന്ന് കർത്താവ് പറയുന്നതിൽ നിന്ന് അവരുടെ പ്രാർത്ഥനയുടെ പ്രത്യേക

പ്രാധാന്യം വ്യക്തമാണല്ലോ (യോഹ. 14:13 കാണുക). ക്രിസ്തുവിനോടു അടുത്ത് ജീവിച്ച എല്ലാവർക്കും പ്രത്യേകിച്ച് അപ്പോസ്തോലിക പിൻതുടർച്ച ഉണ്ടായിരുന്നവർക്കും ഇതേ പ്രാധാന്യം ഉണ്ടെന്ന് വിശ്വസിക്കുന്നത് തെറ്റാണോ?

3. യേശുക്രിസ്തു മാത്രമേ ദൈവത്തിനും മനുഷ്യർക്കും ഇടയിൽ മദ്ധ്യസ്ഥനായിട്ടുള്ളു (1 തിമോത്തി. 2:5) എന്നത് നിസ്തർക്കമായ വസ്തുതയാണ്. എന്നാൽ ഈ യേശുക്രിസ്തുവും മനുഷ്യരുമായുള്ള ബന്ധത്തിൽ അപ്പോസ്തോലന്മാരും വിശുദ്ധന്മാരും മദ്ധ്യസ്ഥരാകുന്നത് ക്രിസ്തുവിന്റെ മദ്ധ്യസ്ഥതയ്ക്ക് ഒരു കളങ്കവും വരുത്തുന്നില്ല. അത് വേദവിപരീതമാണെങ്കിൽ ജീവിച്ചിരിക്കുന്നവർ പരസ്പരം പ്രാർത്ഥിക്കുന്നതും വേദവിപരീതമാണ്. കാരണം, ഇവിടെയും 'മദ്ധ്യസ്ഥത' ഉണ്ടാകുന്നുണ്ടല്ലോ.

4. ഏറ്റവും വിശുദ്ധന്മാരായി ജീവിക്കുന്നവരെയും അങ്ങനെ വാങ്ങിപ്പോയവരെയും ബഹുമാനിക്കുന്ന പതിവ് ആദിമസഭയിൽ ഉണ്ടായിരുന്നു. ഇതിന്റെ പ്രാഥമിക തെളിവ് എബ്രായർ 13:7 ൽ കാണാം.

"നിങ്ങളോട് ദൈവവചനം പ്രസംഗിച്ചു നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവീൻ; അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പീൻ."

"യഹോവയുടെ കണ്ണ് നീതിമാന്മാരുടെമേലും അവന്റെ ചെവി അവരുടെ നിലവിളിക്കും തുറന്നിരിക്കുന്നു" (സങ്കീ. 34:15). "നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു" (യാക്കോബ് 5:16).

വി. സഭയും വിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയും

ഫാ. ഡോ. ജോസ് ജോൺ

വിശുദ്ധ എന്ന പദം വി. വേദപുസ്തകത്തിൽ ദൈവത്തിനും മനുഷ്യർക്കുമായി ഉപയോഗിച്ചിട്ടുണ്ട്. (ലേവ്യ 11:44, 45, എബ്ര: 3:1, 1 കോരി. 1:2, 2 കോരി. 13:13) ദൈവം വിശുദ്ധനായിരിക്കുന്നതു പോലെ ദൈവജനവും വിശുദ്ധരായിരിക്കണം എന്ന് ദൈവം കല്പിക്കുന്നു. (ലേവ്യ 19:20, 1 പത്രോ. 1:14-16). വേർതിരിക്കപ്പെട്ടവർ, തെരഞ്ഞെടുക്കപ്പെട്ടവർ എന്നീ അർത്ഥതലങ്ങളിൽ ദൈവജനത്തെ മുഴുവനായും വിശുദ്ധർ എന്ന് അഭിസംബോധന ചെയ്യുന്നുണ്ട്. (2 കോരി :1 :1, ഫില: 1 :1, എഫേ :1 :1, 2 തിമോ: 1 :9) ദൈവം ഒരുവനല്ലാതെ നല്ലവനാരുമില്ല എന്ന് ലൂക്കോ : 18 : 19-ൽ പറയുന്നതുപോലെ, ദൈവം ഒരുവനല്ലാതെ സൽഗുണ പൂർണ്ണനായ വിശുദ്ധൻ ആരുമില്ല. വി. കുർബ്ബാനയിലെ ആഘോഷത്തിൽ ഈ സത്യമാണ് നാം ഉൽഘോഷിച്ചു പറയുന്നത്.

"പരിശുദ്ധനായ ഏക പിതാവും, പരിശുദ്ധനായ ഏകപുത്രനും പരിശുദ്ധനായ ഏക റൂഹായുമല്ലാതെ പരിശുദ്ധൻ ഇല്ല."

ദൈവം ഒരുവൻ മാത്രമാണ് വിശുദ്ധനെന്നും നാമെല്ലാവരും ദൈവത്തിന്റെ വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടവരാണ് എന്നുമുള്ള സത്യമാണ് വി. വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നത്. പൗരസ്ത്യ ആദ്ധ്യാത്മികതയിലെ ദൈവീകരണമെന്ന ആശയവും ഈ സത്യത്തെ ഉദ്ഘോഷിക്കുന്നു.

ദൈവം ഏകനും, വിശുദ്ധനും, ദൈവത്തിനും മനുഷ്യനുമിടയിൽ ഏക മദ്ധ്യസ്ഥനായി യേശുക്രിസ്തുവും മാത്രമാണെന്നിരിക്കെ (1 തിമൊ: 2: 5) മറ്റ് വിശുദ്ധന്മാരുടെ സാംഗത്യവും പ്രാധാന്യവും എന്തെന്ന് ചിന്തിക്കുന്ന അനേകർ ഇന്ന് നമുക്കിടയിലുണ്ട്.

ദൈവത്തെ വിശേഷിപ്പിക്കുവാൻ വി. വേദപുസ്തകത്തിൽ ഉപയോഗിച്ച പദങ്ങൾ (ഉദാ: വിശുദ്ധൻ, മദ്ധ്യസ്ഥൻ, പുരോഹിതൻ) മനുഷ്യർക്ക് ഉപയോഗിക്കുന്നതുകൊണ്ട് മനുഷ്യർ ഒരിക്കലും ദൈവത്തിന് തുല്യരാകുന്നില്ല. മനുഷ്യർ തമ്മിൽ പരസ്പരം അഭിസംബോധന ചെയ്യുവാൻ ഉപയോഗിക്കുന്ന പദങ്ങൾ (നീ, നിന്റെ, സഹായി, സ്നേഹിതൻ) ദൈവത്തെ അഭിസംബോധന ചെയ്യുവാൻ ഉപയോഗിക്കുമ്പോൾ ആ പദങ്ങളുടെ ഉപയോഗം കൊണ്ട് ദൈവത്വത്തിന് യാതൊരു വിശേഷണ കുറവോ, ന്യൂനതയോ കല്പിക്കപ്പെടുന്നില്ല.

ആയതിനാൽ പദങ്ങളുടെ ഉപയോഗം സത്താപരമായി മനുഷ്യനെ ദൈവമോ, ദൈവത്തെ മനുഷ്യനോ ആക്കിത്തീർക്കുന്നില്ല. എന്നാൽ ദൈവത്തിനും മനുഷ്യനും ആ പദങ്ങളുടെ ഉപയോഗം അതിന്റേതായ ശ്രേഷ്ഠതയും, മാഹാത്മ്യവും കല്പിക്കുന്നു.

ദൈവത്തിനും മനുഷ്യർക്കുമിടയിൽ ഏക മദ്ധ്യസ്ഥനായി ക്രിസ്തുവുള്ളതുകൊണ്ട് മറ്റ് മദ്ധ്യസ്ഥരുടെ ആവശ്യകതയില്ല എന്ന് വി. വേദപുസ്തകം പഠിപ്പിക്കുന്നില്ല. മറിച്ച് മദ്ധ്യസ്ഥത ആവശ്യമുണ്ടെന്ന് ചൂണ്ടിക്കാട്ടുകയും ചെയ്യുന്നു. ഏക മദ്ധ്യസ്ഥനായ ക്രിസ്തു തന്നെയാണ് 'മദ്ധ്യസ്ഥത' തന്റെ ശിഷ്യന്മാരെ ഭരമേല്പിച്ചത് (യോഹ. 16:23-24; 14:13, 14; 20:22, 23).

ക്രിസ്തുവിന്റെ മദ്ധ്യസ്ഥതാദൗത്യം മനുഷ്യരുടെ മദ്ധ്യസ്ഥതാദൗത്യത്തിൽ നിന്നും വിഭിന്നവും വ്യത്യസ്തവുമാണ്. ക്രിസ്തു സൃഷ്ടിയേയും, സ്രഷ്ടാവിനേയും തമ്മിൽ നിരപ്പാക്കുന്ന നിരപ്പിന്റെ വലിയ ശുശ്രൂഷാദൗത്യമാണ് നിർവ്വഹിച്ചത്. അത് ഒരിക്കലായിട്ടുള്ളതും, ദൈവത്തിന് മാത്രം നിവൃത്തിക്കുവാൻ സാധിക്കുന്നതുമായ ഒന്നാണ്. മനുഷ്യർ ക്രിസ്തുവിന്റെ ആ വലിയ നിരപ്പിന്റെ ശുശ്രൂഷയിൽ അശക്തരും, അനർഹരുമാണ്. ആയതിനാൽ ക്രിസ്തുവിന്റെ ഏക മദ്ധ്യസ്ഥതാദൗത്യമല്ല വിശുദ്ധന്മാർ എന്ന് ഗണിക്കപ്പെടുന്ന ദൈവമനുഷ്യർ നിർവ്വഹിക്കുന്നത്. മറിച്ച് ദൈവം തന്നെ തങ്ങളെ ഭരമേല്പിച്ചിട്ടുള്ള മദ്ധ്യസ്ഥതാവരമാണ് അവർ അനുഷ്ഠിക്കുന്നത്.

ക്രിസ്തു ഏക മദ്ധ്യസ്ഥനെന്ന് പഠിപ്പിച്ച പ. പൗലോസ് തന്നെ തനിക്കുവേണ്ടി മദ്ധ്യസ്ഥത അഭ്യർത്ഥിക്കുവാൻ മറ്റുള്ളവരോട് ആവശ്യപ്പെടുന്നുണ്ട് (ഒരുവനുവേണ്ടി മറ്റൊരുവൻ പ്രാർത്ഥിക്കുന്നതാണല്ലോ മദ്ധ്യസ്ഥത) (1 തെസ്സ: 5:25, റോമ: 15:31, 2. തെസ്സ: 3:1, 2; എഫേ: 6:18, കൊലോ. 4:3).

ജഡസംബന്ധമായി ജീവനോടിരിക്കുന്നവർ തമ്മിൽ തമ്മിൽ പ്രാർത്ഥിക്കുന്നത് ദൈവഹിതപ്രകാരവും, ദൈവാത്മാവിലുമാണെങ്കിൽ, ജഢീകമരണം പ്രാപിച്ചവരും, അപ്രകാരം ചെയ്യുന്നുവെങ്കിൽ അത് യുക്തവും ന്യായവുമാണ്. കാരണം ജഡസംബന്ധമായി മരണം പ്രാപിക്കുന്നവർ സദാ ദൈവ സാമീപ്യമുള്ളവരും, ദൈവാരാധികളുമാണ്. ജഢിക മരണം ആരേയും ദൈവസ്നേഹത്തിൽ നിന്നും വേർതിരിക്കുന്നില്ല (റോമ. 8:38, 39).

ജഡ സംബന്ധമായ മരണം പ്രാപിച്ചവർ ആത്മാവിൽ സജീവാവസ്ഥയിൽ ദൈവത്തെ രാപകലുകൾ ആരാധിക്കുന്നതായി ദൈവവചനം നമ്മെ പഠിപ്പിക്കുന്നു. (വെളി. 7 : 13 - 15, 7 :9)

ദൈവാരാധികളായ വിശ്വാസികൾ മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുകയില്ല എന്ന് വിചാരിക്കുന്നത് മൗഢ്യമല്ലേ. ശരീരത്തിൽ വസിക്കുമ്പോൾ പ്രാർത്ഥിക്കുവാനും ആരാധിക്കുവാനും കഴിവുള്ളവർ ജഢിക മരണ ശേഷവും അത് നിർവ്വഹിക്കയില്ലേ? അപ്രകാരം നിർവ്വഹിക്കുമെന്നാണ് പൗലോസ് ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നത് (2 കൊരി. 5:9). തന്റെ മരണശേഷവും, വിശ്വാസികൾ സത്യത്തിൽ ഉറച്ചു നില്ക്കുന്നതായി കാണപ്പെടുവാൻ താൻ ഉത്സാഹിക്കുമെന്ന് പത്രോസ് ശ്ലീഹായും നമ്മെ ഓർമ്മിപ്പിക്കുന്നു (2 പത്രോസ് 1:15).

ദൈവഹിത പ്രകാരം ദൈവമനുഷ്യരായി ഈ ലോകത്തിൽ ജീവിക്കുകയും, മരണശേഷം ദൈവത്തോടുകൂടെ വസിക്കുകയും, സദാ ദൈവത്തെ ആരാധിക്കുകയും ചെയ്യുന്ന വിശുദ്ധർ തങ്ങൾക്കുവേണ്ടി പ്രാർത്ഥനയും, യാചനയും നടത്തുമെന്ന വിശ്വാസവും ബോധ്യവുമാണ് വിശുദ്ധന്മാരോടുള്ള മദ്ധ്യസ്ഥതയ്ക്ക് വിശ്വാസികളെ പ്രേരിപ്പിക്കുന്നത്. ലോകത്തിൽ നീതിമാന്മാരായി ജീവിച്ച്, ജനത്തിനുവേണ്ടി മദ്ധ്യസ്ഥത അണയ്ക്കുകയും, അവരുടെ മദ്ധ്യസ്ഥതയാൽ ദൈവം ജനത്തോട് കരുണ ചെയ്യുകയും ചെയ്തതായി വി. വേദപുസ്തകത്തിൽ നാം വായിക്കുന്നതു (യാക്കോബ് 5:17, 18; ഇയ്യോബ്: 42:8; എബ്രായ 1:12, 22-24, 1 പത്രോസ് 3:12, അ. പ്രവർത്തി 19:11, 12). കൂടാതെ മരണത്തിനല്ലാത്ത പാപം ചെയ്തവർക്കുവേണ്ടി പ്രാർത്ഥിക്കണമെന്നും, അങ്ങനെ

പ്രാർത്ഥിച്ചാൽ ദൈവം അവർക്ക് ജീവനെ കൊടുക്കുമെന്നും ദൈവ വചനം പഠിപ്പിക്കുന്നു (1 യോഹ: 5:16).

വാങ്ങിപ്പോയ പിതാക്കന്മാരുടെ പ്രാർത്ഥന മാത്രമല്ല, അവരുടെ അസ്ഥികൾക്കുപോലും ജീവനെ കൊടുക്കാനുള്ള കഴിവുണ്ടെന്നു 2 രാജാ. 13:20-ൽ നാം വായിക്കുന്നു.

നീതിമാന്മാരും, വിശുദ്ധന്മാരുമായ വാങ്ങിപ്പോയവർ സജീവരും, ദൈവ സന്നിധിയിൽ പ്രാർത്ഥനയിലും , ആരാധനയിലും സംബന്ധിക്കുകയും ദൈവജനത്തോട് കരുതലും, വിശ്വാസികളുടെ കാര്യങ്ങളിൽ തല്പരരും ആകയാൽ അവർ തങ്ങൾക്കായി മദ്ധ്യസ്ഥത അണയ്ക്കുമെന്ന വിശ്വാസം ദൈവജനത്തെ വിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെടുവാൻ പ്രേരിപ്പിക്കുന്നു. കൂടാതെ വാങ്ങിപ്പോയ വിശുദ്ധന്മാരെല്ലാവരും, ദൈവത്താൽ അയക്കപ്പെട്ടവരാണെന്നും, അവരെ ബഹുമാനിക്കുന്നതും, ആദരിക്കുന്നതും, ദൈവത്തെ ആദരിക്കുന്നതിനും ബഹുമാനിക്കുന്നതിനും തുല്യമാണെന്നും ദൈവവചനം നമ്മെ ഓർമ്മിപ്പിക്കുന്നു (മത്തായി 10:40).

വാങ്ങിപ്പോയ വിശുദ്ധന്മാരെ നാം ഏത് തരത്തിൽ സ്വീകരിക്കുന്നുവോ, അതിനനുയോജ്യമായ പ്രതിഫലവും ദൈവം നമുക്ക് വാഗ്ദാനം ചെയ്യുന്നുണ്ട് (മത്തായി 10:41-42).

ആയതിനാൽ വാങ്ങിപ്പോയ, ദൈവത്താൽ അയയ്ക്കപ്പെട്ട വിശുദ്ധരെ സ്മരിക്കുന്നതും അവരുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെടുന്നതും അവരുടെ വിശ്വാസം അനുകരിക്കുന്നതും ദൈവീകവും, വേദപുസ്തകാധിഷ്ഠിതവും, ദൈവകല്പനകളുടെ ആചരണവുമാണ്. ദൈവകല്പനകളെ ലംഘിക്കുവാനോ, ചോദ്യം ചെയ്യുവാനോ ഉള്ളവരല്ല നാം, മറിച്ച് ദൈവ കല്പനകളുടെ ആചരണത്തിൽ തീക്ഷ്ണതയുള്ളവരും ദൈവവിശ്വാസത്തിലേയ്ക്ക് വളരുവാൻ വിളിക്കപ്പെട്ടവരാണ്. ദൈവിക വിശുദ്ധിയിലേക്ക് ആനയിക്കപ്പെടുവാൻ വാങ്ങിപ്പോയ നീതിമാന്മാരും, പുണ്യവാന്മാരും, വിശുദ്ധരുമായവരുടെ പ്രാർത്ഥനകളും, മദ്ധ്യസ്ഥതകളും നമുക്ക് പ്രചോദനവും സഹായകരവുമാകും എന്നതിന് സംശയമില്ല.

വിശുദ്ധന്മാരുടെ ഗണങ്ങൾ

ഓർത്തഡോക്സ് സഭയിൽ വാങ്ങിപ്പോയ വിശുദ്ധരെ, വിശുദ്ധിയുടെ മാനദണ്ഡത്തിൽ തരംതിരിച്ച്, ഗണിക്കുന്ന രീതി നിലവിലില്ല. എന്നാൽ പൊതുവായി വാങ്ങിപ്പോയ വിശുദ്ധരെ നിബിയന്മാർ, ശ്ലീഹന്മാർ, സഹദേന്മാർ, മൗദ്യോനേന്മാർ, ഈഹിദായക്കാർ എന്നീ ഗണങ്ങളിൽ പൊതുവേ ഉൾപ്പെടുത്തി ആദരിക്കുന്നു. അത്തരം തരംതിരിക്കലുകൾ അവരുടെ വിശുദ്ധിയുടെ മാനദണ്ഡമനുസരിച്ചല്ല. മറിച്ച് ജീവിത്തരീതിയുടേയും, ശൈലികളുടേയും പ്രാർത്ഥനാ ജീവിത്തിന്റെയും അടിസ്ഥാനത്തിൽ മാത്രമാണ്. വലിയ വിശുദ്ധരെന്നോ, ചെറിയ വിശുദ്ധരെന്നോ ഉള്ള തരംതിരിവ് നമ്മുടെ സഭയിൽ ഇല്ല. എന്നാൽ മേല്പറഞ്ഞ പതിവനുസരിച്ച് വാങ്ങിപ്പോയ. വിശുദ്ധരെ ആദരിക്കുയും, അവരുടെ പെരുന്നാളുകൾ നടത്തുകയും ചെയ്യുന്ന പതിവ് സഭയിലുണ്ട്. പരി. മാതാവിന് പ്രഥമ ഗണനീയമായ സ്ഥാനം വിശുദ്ധരുടെ ഗണത്തിൽ നല്കുന്നുണ്ട് എന്നത് വാസ്തവമാണ് അത് പ: കന്യകമറിയാം ദൈവത്തെ പ്രസവിച്ചവൾ (ദൈവമാതാവ്) എന്ന നിലയിലാണ്. മറ്റെല്ലാ വിശുദ്ധരേയും ഒരേ ഗണത്തിൽ ഉൾപ്പെടുത്തി ആദരിക്കുന്നു.

സ്വർഗ്ഗവും നരകവും

ഫാ. കെ. വി. ഏലിയാസ്

പരിശുദ്ധ സഭ എന്നും ഓർക്കേണ്ടതായി പറയുന്ന കാര്യങ്ങളാണ് 'മരണം, ന്യായവിധി, സ്വർഗ്ഗം-നരകം' എന്നിവ. സ്വർഗ്ഗവും നരകവും യാഥാർത്ഥ്യമാണെന്നകാര്യമാണ് ഇതിലൂടെ സഭ പഠിപ്പിക്കുന്നത്. എങ്കിൽ എന്താണ് സ്വർഗ്ഗം, എന്താണ് നരകം എന്ന ചോദ്യം പ്രസക്തമാണ്. വി. വേദപുസ്തകം, ചരിത്രം, സഭയുടെ ആരാധനാ ക്രമം എന്നിവയിലൂടെ ഇവസംബന്ധിച്ച ഒരന്വേഷണമാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം. സ്വർഗ്ഗവും നരകവും രണ്ട് 'സ്ഥല'ങ്ങളാണെന്ന (Space) ചിന്തയാണ് പൊതുവെ സഭ വച്ചുപുലർത്തുന്നത്.

സ്വർഗ്ഗവും നരകവും വേദപുസ്തകത്തിൽ

പുറപ്പാട് 20:4, ആവർത്തനപുസ്തകം 5:8 ഭാഗങ്ങളിൽ പത്തുകല്പനകൾ പറയുന്നിടത്ത് പ്രപഞ്ചത്തെ മൂന്നു തട്ടുകളാക്കി സൃഷ്ടിച്ചിരിക്കുന്നുവെന്ന ഒരു പരാമർശമാണുള്ളത്. 'മേൽ സ്വർഗ്ഗത്തിലോ, താഴെ ഭൂമിയിലോ, ഭൂമിക്കുകീഴെ വെള്ളത്തിലോ' എന്ന് പറയുമ്പോൾ ദൈവത്തിന്റെ ലോകസൃഷ്ടി മൂന്നു തട്ടുകളായാണെന്ന് പറയുന്നു. ഈ ആശയം സങ്കീർത്തനക്കാരനും പിന്തുടരുന്നു (ഉദാ. സങ്കീ. 115:15-17). സ്വർഗ്ഗം ദൈവത്തിന്റെ സിംഹാസനവും ഭൂമി അവന്റെ പാദപീഠവുമാണ്.

സ്വർഗ്ഗം

ലോകസൃഷ്ടിയെക്കുറിച്ചുപറയുന്ന ഉല്പത്തി 1:6-8 ഭാഗങ്ങളിൽ 'ആകാശം' എന്ന പ്രയോഗം എബ്രായ ഭാഷയിലെ 'സ്വർഗ്ഗം' എന്ന അർത്ഥംവരുന്ന വാക്കിന്റെ വിവർത്തനമാണ്. ഇവിടെയും സങ്കീ. 148:4 ലും ഭൂമിക്കുമേലുള്ള ഒരു വിതാനമാണ് സ്വർഗ്ഗം/ആകാശം. അത് തൂണുകളാൽ താങ്ങിനിർത്തിയിരിക്കുന്നതായി ഇയ്യോബ് 26:11ലും, അടിസ്ഥാനമുള്ളതായി 2 ശമു. 22:8ലും നാം വായിക്കുന്നു. മഴയും മഞ്ഞും കന്മഴയും ഇടിയുമെല്ലാം പുറപ്പെടുന്നത് ഇവിടെ നിന്നാണ് (പുറ. 9:22-35, യെശയ്യ 55:10, യോശു. 10:11). ദൈവം നൽകുന്ന അടയാളങ്ങൾ കാണുക ഈ വിതാനത്തിലാണ്. (ഉല്പ. 9:12-17). ദൈവസൃഷ്ടിയുടെ സമഗ്രത (totality) ആകാശവും ഭൂമിയും ചേർന്ന് സൂചിപ്പിക്കുന്നു. അങ്ങനെ സ്വർഗ്ഗം/ആകാശം ഒരു ഭൗതിക യാഥാർത്ഥ്യമായി വി. വേദപുസ്തകം ചിത്രീകരിക്കുന്നു.

ദൈവം സീനായ് പർവ്വതത്തിലും (ആവ. 33:2, സങ്കീ. 68:17) ദേവാലയത്തിലും (1 രാജാ 8:12-13, സങ്കീ. 68:17-18, യെഹസ്കീ. 43:7) സീയോനിലും (സങ്കീ. 74:2, യെശ 8:18, യോവേൽ 3:17, 21) വസിക്കുന്നുവെന്നുണ്ടെങ്കിലും ദൈവത്തിന്റെ അധിവാസ സ്ഥലം സ്വർഗ്ഗമാണെന്ന പരാമർശം (യെശ. 6:1, സങ്കീ. 11:4, യെശ. 66:1), സൃഷ്ടിയിൽ നിന്നും ദൈവം വേറിട്ടുനിൽക്കുന്നുവെന്നും ദൈവം പ്രപഞ്ചാതീതഭാവനാണെന്നും (transcendent) വ്യക്തമാക്കുന്ന ഒരു പരാമർശമാണ്. അതുകൊണ്ട് രക്ഷയുടെ ഉറവിടം സ്വർഗ്ഗമാണ് എന്ന് മനസ്സിലാക്കാം.

മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള യഹൂദ ചിന്തയുടെ ഉത്ഭവത്തോടെ മരിച്ചവർ ദൈവത്തോടുകൂടെ സ്വർഗ്ഗത്തിൽ വസിക്കുന്നുവെന്ന ചിന്ത രൂപപ്പെട്ടു. അപ്പോക്രിഫാ ഗ്രന്ഥങ്ങളായ അബ്രഹാമിന്റെ പ്രമാണം, 2 എസ്ദ്രാസ് എന്നീ പുസ്തകങ്ങൾ ഈ ചിന്ത മുന്നോട്ടുവയ്ക്കുന്നു (ദാനീ. 12:2-3 നോ).

സ്വർഗ്ഗം നിത്യാനന്ദത്തിന്റെ ഇടമാണെന്ന ചിന്ത പുതിയനിയമം സാക്ഷ്യപ്പെടുത്തുന്നു (യോഹ. 14:2, 2 കൊരി 5:1-10). ഇത് വിശ്വാസികളുടെ സുരക്ഷാ കേന്ദ്രമാണ് (ഫിലി. 3:20, എബ്രാ. 11:16, വെളി. 11:12). പൗലോസ് ശ്ലീഹാ മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെട്ടു (2 കൊരി. 12:2) എന്ന പ്രസ്താവം സ്വർഗ്ഗം വ്യത്യസ്ത തലങ്ങളിലുണ്ടെന്ന സൂചനയാണ്. പ്രവാസാനന്തര യഹൂദ ലിഖിതങ്ങൾ സ്വർഗ്ഗത്തെ ഏഴു തലങ്ങളുള്ളതായി ചിത്രീകരിക്കുന്നുണ്ട്. ഇതിൽ ഒന്നോ അതിലധികമോ ദുഷ്ടന്മാരുടെ ശിക്ഷയ്ക്കുള്ള ഇടമാണത്രെ.

അതെന്തായിരുന്നാലും യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണമാണ് നീതിമാന്മാരായ സകല മനുഷ്യർക്കും മാതൃക (യോഹ. 14 :11-3, 1 കൊരി. 15:20-28, റോമ. 8:29-30).

നരകം/പാതാളം

യവനഭാഷയിൽ 'ഹെയ്ഡ്സ്' എന്നും എബ്രായഭാഷയിൽ 'ഷെയോൾ' എന്നും പറയുന്ന ഈ സ്ഥലം മരിച്ചവർ എല്ലാവരും ചെന്നുചേരുന്ന ഇടമാണ്.

പീഡനത്തിന്റെ സ്ഥലമല്ല, മൃതരെല്ലാവരും ചെന്നെത്തുന്ന ഒരു പൊതു ഇടമാണിത് എന്ന് അപ്പോക്രിഫാ പുസ്തകങ്ങൾ വിവരിക്കുന്നു (2 മക്കാ. 6:23, ഹാനോക്കിന്റെ പുസ്തകം 102:5, 103:7 മുതലായവ).

പുനരുത്ഥാന സമയത്ത് പാതാളം അതിലേല്പിച്ചിരുന്ന സകലരേയും തിരിച്ചേൽപ്പിക്കും. (ഹാനോക് 51:3; 2 എസ്ദ്രാസ് 4:42, വെളി. 20:13) അതായത്, പാതാളത്തിന്റെയും പൂർണ്ണനിയന്ത്രണം ദൈവത്തിനു തന്നെ.

മരിച്ചുകഴിഞ്ഞാൽ ഏഴുദിവസത്തേക്ക് മൃതരുടെ ആത്മാക്കൾ സ്വതന്ത്രമായി നടന്ന് നീതിമാന്മാർക്കുള്ള പ്രതിഫലവും തിന്മ ചെയ്തവർക്കുള്ള പീഡനങ്ങളും ചുറ്റിനടന്നു കാണുന്നുവെന്ന് 2 എസ്ദ്രാസ് 7:55–101 ഭാഗങ്ങളിൽ കാണുന്നു. നിത്യദണ്ഡനത്തിന്റെ സ്ഥലമായി നരകത്തെ ചിത്രീകരിക്കുന്നത് പിൽക്കാല രചനകളിലാണ്.

വി. ആരാധനാക്രമത്തിൽ

നമ്മുടെ വി. കുർബ്ബാനയിൽ സകല പരേതരെയും (ആനീദെ) ഓർക്കുന്ന ഞായറാഴ്ചത്തെ സെദ്റായിൽ ഇങ്ങനെ വായിക്കുന്നു, 'മറഞ്ഞുകിടക്കുന്നതായ മരിച്ചവരെ കബറുകളുടെ ഉള്ളിൽ നിന്ന് പുറത്തുകൊണ്ടുവരുവാനായി വിളങ്ങുന്ന പാതാളത്തിന്റെ വാതിൽ തുറക്കപ്പെടുന്നു", പാതാളം സകല പരേതരുടെയും വാസസ്ഥലമെന്ന കാര്യമാണ് ഇവിടെയും സൂചിതം.

മുഖസ്തുതിയില്ലാത്തതായ നീതിയോടുകൂടിയ ഭയങ്കര ന്യായവിധി ദിവസത്തിൽ ഇവരെയെല്ലാം ഒരുമിച്ചുകൂട്ടും ന്യായവിധിയുടെ ശേഷമാണ് യഥാർത്ഥത്തിൽ ശാശ്വതമായ ജീവനോ നിത്യനാശമോ ഒരുവനു ലഭിക്കുന്നത്. ന്യായവിധിയിലേയ്ക്കു പ്രവേശിക്കാതെ മരണത്തിൽ നിന്ന് ജീവനിലേയ്ക്കു കടക്കണമെന്നാണ് നാം പ്രാർത്ഥിക്കുന്നത്. വൈദികരുടെ ശവസംസ്കാര ശുശ്രൂഷയിൽ (3–ാം ക്രമം പ്രുമിയോൻ – സെദ്റാ) 'ദുഃഖങ്ങളില്ലാത്തതും മരണം വാഴ്ച നടത്താത്തതുമായ' ഒരുസ്ഥലമാണ് സ്വർഗ്ഗം എന്ന് കാണുന്നു. വേദനകളോ ദു:ഖങ്ങളോ നെടുവീർപ്പുകളോ അവിടെയില്ല. ഇങ്ങനെയുള്ള ഒരുദേശത്തേയ്ക്ക് ഈ ആത്മാവ് പറന്നുയരണം എന്നും പറയുന്നു. അതായത്, നീതിമാന്മാർക്കായി കാത്തുവച്ചിരിക്കുന്നതും ഭൂമിയിൽ നിന്നും ദൂരെ ഉയരത്തിലുള്ളതും അബ്രഹാം, യിസ്ഹാക്ക്, യാക്കോബ് മുതലായ പൂർവ്വികർ വസിക്കുന്നതും, പുത്രനാം ദൈവം മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റ് പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നതുമായ 'മഹോന്നത'മാണ് സ്വർഗ്ഗരാജ്യം. വേദപുസ്തകം നമുക്ക് മുമ്പിൽ അവതരിപ്പിച്ച മൂന്നു തട്ടുകളുള്ള പ്രപഞ്ചസങ്കല്പത്തിൽ അടിയുറച്ചു വിശ്വസിച്ചുതന്നെയാണ് വി. സഭ സ്വർഗ്ഗത്തെ മനസ്സിലാക്കുന്നത്. യെശയ്യാവ് തന്റെ ദർശനത്തിൽ കണ്ടതും (6–ാം അദ്ധ്യായം) ഈ സ്വർഗ്ഗം തന്നെ. അത് ദൈവത്തിന്റെ വാസസ്ഥലം. നന്മ ചെയ്തവർ ചെന്നുചേരുന്നയിടം, ഇതുവരെ ജീവിച്ച് കടന്നുപോയ വിശുദ്ധർ സന്തോഷാനന്ദാഹ്ലാദത്തോടെ വസിക്കുമിടം.

നമ്മുടെ ആരാധനാ ക്രമങ്ങൾ പാതാളത്തെ സങ്കടരംഗമായി ചിത്രീകരിക്കുന്നു. ആഴമേറിയ കുഴിയിലേക്ക് വിളിക്കപ്പെടുകയെന്നാൽ നിത്യദണ്ഡനത്തിലേക്കു നിപതിക്കുകയെന്നാണ്. വെള്ളത്തിനുവേണ്ടിയാചിക്കുന്ന ധനവാന്റെ അവസ്ഥയാണിത്. ഈ നരകം–അബദ്ദോൻ–ന്യായവിധിനാൾവരെ മൃതർ തങ്ങുന്ന സ്ഥലമല്ല, പ്രത്യുത ന്യായവിധിയിൽ തിന്മചെയ്തവരായി വിധിക്കപ്പെട്ട് ശിക്ഷിക്കപ്പെടുന്നവർ നിത്യനാശത്തിന്, ദണ്ഡനത്തിന് അടിപ്പെടുന്ന സ്ഥലമാണ്.

വലതുഭാഗത്തെ കുഞ്ഞാടുകളോടു ചേരുക, ജീവന്റെ സ്ഥാനത്തു നീതിമാന്മാരുടെ കൂട്ടത്തിൽ ചേരുക (സ്ത്രീകളുടെ ശവസംസ്കാരം. 1–ാം ശുശ്രൂഷ സ്ലൂസോ, 3–ാം ശുശ്രൂഷ സ്ലൂസോ) 'സ്വർഗ്ഗരാജ്യത്തിലെ മണവറയും തോട്ടവും മേശയും' കർത്താവിൽ നിന്ന് നേടുക (ഹൂത്തോമ്മോ ശവസംസ്കാരം) എന്നൊക്കെ പറയുന്നത് സ്വർഗ്ഗരാജ്യാനുഭവം.

പുനരുത്ഥാന ദിവസം വരെ വസിച്ചിട്ട്, ന്യായവിധിക്കു വിധേയപ്പെട്ട് ശിക്ഷിക്കപ്പെടുന്നവരുടെ അവകാശം നരകം. കെടാത്ത തീയും, ചാകാത്ത പുഴുവും, അന്ധകാരവും അവിടുത്തെ അവസ്ഥയാണ്. പാപികൾ ഈ ആഴമേറിയ കുഴിയിലേക്ക് വിധിക്കപ്പെട്ട് ഇടത്തുഭാഗം നിത്യദണ്ഡനത്തിലേയ്ക്ക് തള്ളപ്പെടുകയും ചെയ്യപ്പെടുന്നു. ഈ അവസ്ഥയാണ് നരകം.

വേദപുസ്തകം സ്വർഗ്ഗത്തേയും നരകത്തേയും ഒരു ത്രിതല പ്രപഞ്ചഘടനയിലാണ് അവതരിപ്പിക്കുന്നത്. മദ്ധ്യത്തിൽ നാം വസിക്കുന്ന ഭൂമി. സ്വർഗ്ഗം ജീവനിലേയ്ക്കു മാറുന്നവരുടെ, ആശ്വാസവും ആനന്ദവും നിറഞ്ഞ സ്ഥലം. നരകമാകട്ടെ തിന്മചെയ്തവർ ന്യായവിധിക്കുശേഷം ശിക്ഷിക്കപ്പെട്ട് അവകാശമാക്കുന്നയിടം. നിത്യസൗഭാഗ്യത്തിന്റെയും നിത്യദണ്ഡനത്തിന്റെയും രണ്ടു ധ്രുവങ്ങളായി സ്വർഗ്ഗവും നരകവും നമുക്ക് മുമ്പിൽ വിരചിതമാക്കുന്നു. ഈ അർത്ഥത്തിൽ തന്നെയാണ് പരിശുദ്ധസഭയും, അതിന്റെ ആരാധനാ ക്രമങ്ങളിലൂടെ സ്വർഗ്ഗത്തേയും നരകത്തേയും വിശദമാക്കാൻ ശ്രമിക്കുന്നത്. ആത്യന്തികമായി, മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള ആകുലതയിൽ നിന്ന് ഉടലെടുക്കുന്ന ഒരു ചിന്തയായി സ്വർഗ്ഗത്തേയും നരകത്തേയും നമുക്ക് മനസ്സിലാക്കാം. ഇവിടെയായിരിക്കുമ്പോൾ നന്മചെയ്തു ജീവിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്ന ഒരു പ്രധാന ചിന്തയാണ് ഈ ധ്രുവസങ്കല്പങ്ങൾ (സ്വർഗ്ഗവും നരകവും) നമുക്ക് തരുന്നത്.

രക്ഷ

ഫാ. ടിജോ മണലേൽ

ആത്മീയ ജീവിതത്തിൽ സ്തുതി ചൊവ്വാക്കപ്പെട്ട വിശ്വാസത്തിനെതിരെ ധാരാളം വാഗ്വാദങ്ങളും പരിഹാസങ്ങളും അനുദിനം വർദ്ധിച്ചു വരുന്ന ആധുനിക ലോകത്തിൽ ശരിയായ, സ്തുതിചൊവ്വാക്കപ്പെട്ട വിശ്വാസം എന്താണ് എന്ന് മനസ്സിലാക്കിയിരിക്കേണ്ടത് അത്യാവശ്യമാണ്. പരിശുദ്ധ സഭയുടെ അടിസ്ഥാന വിശ്വാസപ്രമാണങ്ങൾ പഠിക്കുന്നത് ആയിരിക്കുന്ന വിശ്വാസത്തിൽ നിലനിൽക്കുന്നതിനും കൂടുതൽ തീക്ഷ്ണതയോടെ ആത്മീയജീവിതത്തെ പോഷിപ്പിക്കുന്നതിനും വേണ്ടിയാണ്.

ആധുനിക സമൂഹത്തിൽ സഭാവിശ്വാസികൾ നേരിടുന്ന ഒരു വലിയ ചോദ്യമാണ് നിങ്ങൾ രക്ഷിക്കപ്പെട്ടോ? എന്നുള്ളത്. സാധാരണക്കാരനായ ഏതൊരു വിശ്വാസിയെയും കുഴപ്പത്തിലാക്കുന്ന ഒരു ചോദ്യമാണ് ഇത്. രക്ഷ അല്ലെങ്കിൽ രക്ഷിക്കപ്പെടുക എന്ന് പറയുന്നത് എന്താണ് എന്ന് ഭൂരിഭാഗം വിശ്വാസികൾക്കും അറിയില്ല എന്നതിനാൽ രക്ഷിക്കപ്പെട്ടു എന്നോ ഇല്ല എന്നോ ഉത്തരം പറയുവാൻ പലപ്പോഴും സാധിയ്ക്കാറുമില്ല. ഈ സാഹചര്യത്തിൽ എന്താണ് രക്ഷ, രക്ഷ ആരിൽ നിന്നാണ്, ആരിൽ കൂടിയാണ്, എപ്പോഴാണ് രക്ഷിക്കപ്പെടുന്നത് എന്നും നാം അറിഞ്ഞിരിക്കേണ്ടിയിരിക്കുന്നു.

എന്താണ് രക്ഷ?

രക്ഷ എന്ന പദത്തിന്റെ വാച്യാർത്ഥം ആപത്തിൽ നിന്നോ, ശത്രുക്കളിൽ നിന്നോ, മറ്റ് അപകടങ്ങളിൽ നിന്നോ ലഭിക്കുന്ന വിടുതൽ എന്നാണ്. ഓരോ മതവും വിവിധ തരത്തിലുള്ള ദോഷങ്ങളിൽ നിന്ന് ഉള്ള വിടുതൽ അന്വേഷിക്കുന്നതായി കാണാം. മനുഷ്യന്റെ സ്വന്തം പ്രയത്നം കൊണ്ട് രക്ഷ ഏതെങ്കിലും വിധത്തിൽ സാധിക്കാം എന്നുള്ളതാണ് പൊതുവെ ഇതര മതങ്ങളിൽ രക്ഷയെക്കുറിച്ചുള്ള സങ്കൽപം . ഉദാ: യാഗങ്ങൾ, കർമ്മാനുഷ്ഠാനങ്ങൾ മുതലായവ.

വി. വേദപുസ്തകത്തിൽ 'യാഷ്' എന്ന എബ്രായ പദത്തിന്റെ മലയാള പദമായിട്ടാണ് രക്ഷ എന്ന പദം ഉപയോഗിക്കുന്നത്. സ്വയം രക്ഷപെടുവാൻ നിവൃത്തിയില്ലാത്ത വിഷമ വൃത്തത്തിൽ നിന്ന് വ്യക്തികളും സമൂഹവും വിടുവിക്കപ്പെടുന്ന പ്രക്രിയയെയാണ് യാഷ് എന്ന പദം അർത്ഥമാക്കുന്നത്. വേദപുസ്തകാടിസ്ഥാനത്തിൽ പാപത്തിൽനിന്നു മോചനം നേടി ദൈവസാന്നിദ്ധ്യം വീണ്ടും പ്രാപിക്കുവാൻ പ്രാപ്തമാക്കുന്നതാണ് രക്ഷ. പഴയനിയമകാലത്ത് ഭൗതീകമായ അപകടങ്ങളിൽ നിന്നുള്ള മോചനമാണ് രക്ഷ. കാരണം ദൈവവുമായി ചെയ്ത ഉടമ്പടിയുടെ ലംഘനമാണ് എല്ലാ അപകടങ്ങളുടെയും മൂലമായി പഴയനിയമ ജനം കണ്ടത്. പുതിയ നിയമത്തിലേക്ക് കടന്നു വരുമ്പോൾ ഭൗതികമായ രക്ഷ അവഗണിക്കപ്പെടുന്നില്ലെങ്കിലും പാപമോചനം വഴി കൈവരുന്ന സ്വർഗ്ഗീയാനുഭവമാണ് രക്ഷ എന്ന ആശയത്തിന് മുൻതൂക്കം നൽകുന്നു.

ക്രൈസ്തവ ചിന്താഗതിയിൽ രക്ഷ എന്നതിനെക്കുറിച്ച് പറയുമ്പോൾ, രക്ഷ

എന്നത് മനുഷ്യരുടെ നേട്ടം അല്ല ദൈവത്തിന്റെ കൃപയാലുള്ള ദാനമാണെന്ന് പുതിയനിയമം പഠിപ്പിക്കുന്നു. എഫേ. 2:8-ൽ ഇപ്രകാരം കാണുന്നു. “കൃപയാലല്ലോ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത് അതിനും നിങ്ങൾ കാരണമല്ല ദൈവത്തിന്റെ ദാനമത്രെയാകുന്നു.” കൂടാതെ രക്ഷ എന്നുള്ളത്, സിംഹാസനത്തിൽ ഇരിക്കുന്നവനായ നമ്മുടെ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും ദാനം എന്ന് വെളിപാട് 7:10-ൽ കാണുന്നു. രക്ഷ എന്നത് യേശുക്രിസ്തുവിന്റെ കൃപയാലാണ് എന്നും (അ. പ്രവർത്തി 15;11). രക്ഷയെ ദൈവകൃപയെന്നും (തിത്തോസ് 2:11) വേദപുസ്തകം സാക്ഷിയാക്കുന്നു.

അപ്പോൾ “കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്ക എന്നാൽ നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും” (അ. പ്രവർത്തി 16:31) എന്ന വേദവാക്യം ഒരു ചോദ്യമായി നമ്മുടെ മുമ്പിൽ ഉയർന്നുവരും വിശ്വാസം മൂലമല്ലേ രക്ഷപ്രാപിക്കുന്നത് എന്ന്? ദൈവത്തിലുള്ള വിശ്വാസം രക്ഷയുടെ മുഖ്യഉപാധിയായി ഇവിടെ ഭവിക്കുന്നു. അപ്പോൾ വിശ്വാസമെന്ന മുഖ്യ ഉപാധിയിലൂടെ ദാനമായി ലഭിക്കുന്ന ദൈവകൃപയാണ് രക്ഷ എന്ന് പറയുന്നത്.

രക്ഷ എവിടെ നിന്നാണ് അല്ലെങ്കിൽ ആരിൽ നിന്നാണ് ലഭിക്കുന്നത്?

“നീതിമാന്മാരുടെ രക്ഷ യഹോവയിൽനിന്ന് വരുന്നു.” (സങ്കീ: 27:1) “ഇതാ നമ്മുടെ ദൈവം അവൻ നമ്മെ രക്ഷിക്കും” (യെശ: 25:9) രക്ഷയുടെ പാറയായ ദൈവം (2 ശമു 22:47) രക്ഷയായ ദൈവമേ ഞങ്ങളെ രക്ഷിക്കേണമേ (1 ദിന. 16:25), രക്ഷ യഹോവയ്ക്കുള്ളതാകുന്നു (സങ്കീ. 3:8), നീ എന്റെ രക്ഷയുടെ ദൈവമാകുന്നുവല്ലോ (സങ്കീ. 25:5), എന്റെ രക്ഷ (അവങ്കൽ) ദൈവത്തിങ്കൽ നിന്ന് വരുന്നു (സങ്കീ.62:1) യഹോവയിൽ മാത്രമേ രക്ഷയുള്ളു (യിര 3: 23), രക്ഷ യഹോവയുടെ പക്കൽ നിന്ന് വരുന്നു (യോന.2:9) “നാം സകല മനുഷ്യരുടെയും പ്രത്യേകം വിശ്വാസികളുടെയും രക്ഷിതാവായ ജീവനുള്ള ദൈവത്തിൽ ആശവച്ച് അദ്ധ്വാനിച്ചും പോരാടിയും വരുന്നു.”(1 തീമോ 4:10) തുടങ്ങി പഴയനിയമ പുതിയനിയമ ഭാഗങ്ങൾ പരിശോധിക്കുമ്പോൾ അവ സാക്ഷിക്കുന്നത് രക്ഷ ദൈവത്തിൽ നിന്നാണ് എന്നതാണ്. സർവ്വശക്തനും മഹാകാരുണ്യവാനുമായ ദൈവത്തിനുമാത്രമേ രക്ഷ നൽകുവാൻ സാധിക്കുകയുള്ളൂ എന്ന് വി. വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു.

രക്ഷ ആരിൽകൂടിയാണ് വരുന്നത്?

യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തിലാണ് ക്രൈസ്തവ രക്ഷാചരിത്രം അല്ലെങ്കിൽ രക്ഷാപ്രവർത്തനം ആരംഭിക്കുന്നത്. സുവിശേഷങ്ങളിൽ ഉത്ഘോഷിക്കപ്പെടുന്ന രക്ഷാപ്രവർത്തിയെക്കുറിച്ച് വി. ഇഗ്നാത്തിയോസ് ഫിലെദെൽഫിലായ്ക്കു എഴുതിയ ലേഖനത്തിൽ ഇപ്രകാരം പറയുന്നു, “നമ്മുടെ കർത്താവായ യേശുക്രിസ്തു എന്ന രക്ഷകന്റെ ആഗമനവും അവന്റെ കഷ്ടതയും ക്രൂശുമരണവും പുനരുത്ഥാനവും തന്നെയാണ് സുവിശേഷങ്ങളിലെ രക്ഷാപ്രവർത്തനം. “യേശുക്രിസ്തുവിൽ കൂടിമാത്രമേ രക്ഷയുള്ളൂ'' എന്ന സത്യമാണ് സുവിശേഷങ്ങളും മറ്റ് പുതിയ നിയമഭാഗങ്ങളും വ്യക്തമാക്കുന്നത്. “മറ്റൊരുത്തനിലും രക്ഷയില്ല, നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിനുകീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവുമില്ല” (അ.പ്ര. 4:12). ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു. (തിമോ.1:15) “അവൻ (ക്രിസ്തു) നമ്മേ രക്ഷിക്കുകയും... നമ്മുടെ രക്ഷിതാവായ ക്രിസ്തുവേശുവിന്റെ പ്രത്യക്ഷതയാൽ...'' (2 തിമോ.1:9-10) അവരെ (ദൈവത്തോട് അടുക്കുന്നവരെ) പൂർണ്ണമായി രക്ഷിക്കുവാൻ അവൻ ക്രിസ്തു പ്രാപ്തനാകുന്നു (എബ്രാ 7:25). ന്യായപ്രമാണ കർത്താവും ന്യായാധിപതിയും ഒരുവനേയുള്ളൂ രക്ഷിപ്പാനും നശിപ്പിക്കുവാനും ശക്തനായവൻ തന്നെ (യാക്കോ. 4:12) കൂടാതെ (യോഹ. 14:6, തീമോ 2:5, മർക്കോ. 16:16, എബ്രാ. 11:6, യോഹ. 3:5) എന്നീ വേദഭാഗങ്ങൾ നൽകുന്ന സാക്ഷ്യം യേശുക്രിസ്തു മാത്രമാണ് രക്ഷകൻ എന്നാണ്. സുവിശേഷത്തിന്റെ അന്തസത്ത യേശുക്രിസ്തുവിലൂടെയുള്ള ദൈവത്തിന്റെ രക്ഷാപദ്ധതിയാണ്. സുവിശേഷം നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നത് ഏതെങ്കിലും തരത്തിലുള്ള നമ്മുടെ സ്വന്തം പ്രയത്നത്തിലേക്കല്ല മറിച്ച് ദൈവം പ്രവർത്തിച്ചതിലേക്കാണ്.

മാനവവംശത്തിന്റെ ദുരിതാനുഭവത്തിൽ ദൈവം ദിവ്യമായി ഇടപെട്ടു. ഈ ദിവ്യമായ ഇടപെടൽ ചൂണ്ടിക്കാണിക്കുന്നത് നമുക്കുതന്നെ നമ്മെ രക്ഷിക്കുവാൻ സാദ്ധ്യമല്ലാത്ത സാഹചര്യമാണ് നമ്മുടേത് എന്നാണ്. പാപവും ദോഷവും നമ്മുടെ മേൽ കർത്തൃത്വം എടുത്തിരിക്കുന്നു. അതിനാൽ ആ പാപചെളിക്കുണ്ടിൽ നിന്ന് കരേറുവാൻ സ്വന്തം പ്രയത്നം കൊണ്ട് മാത്രം സാദ്ധ്യമല്ല. ആ ചേറ്റുകുഴിയിൽ നിന്ന് ഉയർത്തി രക്ഷിക്കുവാൻ തക്ക കരുത്തുള്ള ഒരുവന്റെ ഇടപെടൽ കൊണ്ട് മാത്രമേ നമുക്ക് രക്ഷ കിട്ടുകയുള്ളൂ. ആ ഇടപെടൽ ആണ് യേശുക്രിസ്തു എന്ന ദൈവപുത്രന്റെ മനുഷ്യാവതാരം. ക്രിസ്തുവാണ് രക്ഷാചരിത്രത്തിന്റെ കേന്ദ്രബിന്ദു. കാരണം സൃഷ്ടിക്കുമുമ്പു തന്നെ ക്രിസ്തു രക്ഷകനായി മുൻ നിർണ്ണയിക്കപ്പെട്ടിരുന്നു (യോഹ. 17:24, 1 പത്രോ. 1:20) രക്ഷാപ്രവർത്തനം ഇന്ന് തന്റെ സഭയിലൂടെ തുടരുന്നതും, ക്രിസ്തുവിലൂടെ തന്നെയാണ്. രക്ഷാപ്രവർത്തനത്തിന്റെ പൂർത്തീകരണവും ക്രിസ്തു മൂലം ആയിരിക്കും.അതായത് രക്ഷാപ്രവർത്തനത്തിന്റെ ആരംഭവും കേന്ദ്രവും പുരോഗതിയും പൂർത്തീകരണവും എല്ലാം ക്രിസ്തുവിൽ തന്നെയാണ്.

യേശുക്രിസ്തു എങ്ങനെയാണ് നമ്മെ രക്ഷിച്ചത്?

രക്ഷ ക്രിസ്തുവിൽ എന്ന സത്യം ആഴമായി മനസ്സിലാക്കുവാൻ അവന്റെ ക്രൂശുമരണം കൊണ്ട് എങ്ങനെ രക്ഷിച്ചു എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ഇരുപക്ഷത്തെയും ഒന്നാക്കിയ യാഗമാണല്ലോ കർത്താവിന്റെ ക്രൂശുമരണം. അതായത് ദൈവവും മനുഷ്യനും തമ്മിൽ ഭിന്നിച്ചത് പാപത്തിലാകയാൽ പാപപരിഹാരമുണ്ടാകാതെ യോജിപ്പ് സാദ്ധ്യമല്ല. ദൈവവും മനുഷ്യനും തമ്മിൽ യോജിപ്പ് സാദ്ധ്യമാക്കിയ പാപപരിഹാരമാണ് നമ്മുടെ കർത്താവിന്റെ ക്രൂശുമരണം. കർത്താവിന്റെ ക്രൂശുമരണം മൂലം മാനവരാശിയുടെ മേൽ ഉണ്ടായിരുന്ന പാപങ്ങൾക്ക് പരിഹാരം ഉണ്ടായി. തന്മൂലം മനുഷ്യവർഗ്ഗത്തിന് മുഴുവൻ രക്ഷയുടെ അനുഭവം പ്രദാനം ചെയ്തു.ക്രൂശുമരണം മൂലം നമുക്ക് ലഭിച്ച രക്ഷ എന്ന് പറയുന്നത് ശത്രുവാകുന്ന സാത്താനിൽ നിന്നുള്ള വീണ്ടെടുപ്പ്, ദൈവീക ഇഷ്ടത്തിനുള്ള സമ്പൂർണ്ണ സമർപ്പണം, അനുസരണം, നിത്യജീവൻ, ദൈവീക സന്തോഷം,സമാധാനം എന്നിവയാണ്. ഇപ്രകാരമുള്ള രക്ഷ നമുക്ക് ലഭ്യമായത് പിതാവിന്റെ ഇഷ്ടത്തിന് തന്നെത്തന്നെ ക്രിസ്തു സമർപ്പിച്ചതിനാലാണ്.

ആരാണ് രക്ഷിക്കപ്പെടുന്നത്?

യേശുക്രിസ്തു മാത്രമേ രക്ഷിക്കൂ എങ്കിൽ ക്രിസ്തുവിനെ അറിയാത്തവർ നശിച്ചു പോകില്ലേ? മറ്റു മതവിശ്വാസികൾ അവരുടെ വിശ്വാസപ്രകാരം ജീവിച്ചാൽ രക്ഷ പ്രാപിക്കുകയില്ലേ, എന്നുള്ള ചോദ്യങ്ങൾ നമ്മുടെ ചിന്തയിൽ ഉയർന്നുവരാം.

യേശുക്രിസ്തുവിന്റെ മനുഷ്യാവതാരം പാപികളെ രക്ഷിക്കുവാനായിരുന്നു. എന്നാൽ ഹൈന്ദവ അവതാരങ്ങൾ പാപികളുടെ രക്ഷയ്ക്കാണെന്ന് ശ്രീമത് ഭഗവത്ഗീത പോലും അവകാശപ്പെടുന്നില്ല:

“പരിത്രാണായ സാധൂനാം
വിനാശായ:ച.ദുഷ്കൃത
ധർമ്മ സംസ്ഥാപനാർത്ഥായ,
സംഭവാമി യുഗേ യുഗേ” (ഗീത 4: 8).

സാധുക്കളെ രക്ഷിക്കുവാനും പാപികളെ (ദുഷ്ടൻമാരെ) നിഗ്രഹിക്കുവാനും ധർമ്മം സംസ്ഥാപിക്കുവാനുമാണ് ഞാൻ യുഗങ്ങൾ തോറും അവതരിക്കുന്നത്. ഇതാണ് ഹൈന്ദവാവതാര ലക്ഷ്യം എന്നാൽ “ സകല ഭൂവാസികളുമേ എങ്കലേക്ക് തിരിഞ്ഞു രക്ഷപെടുവീൻ” എന്ന ആഹ്വാനം വേദപുസ്തകത്തിൽ നിന്ന് ലഭിക്കുമ്പോൾ നീതിമാൻമാരെയല്ല പാപികളെയത്രെ ക്ഷണിക്കുന്നത്. പാപിക്കു രക്ഷാമാർഗ്ഗം യേശുക്രിസ്തുവിൽ മാത്രമേ കാണുന്നുള്ളൂ. ‘ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു’ എന്നതിന്റെ അർത്ഥം അന്തിമമായ രക്ഷാപൂർത്തീകരണത്തിനുള്ള ഏകവഴിയും യേശുമിശിഹായാണെന്നുള്ളതാണ്.

യേശുക്രിസ്തുവിൽ കൂടിയല്ലാതെ രക്ഷയില്ല എന്ന് തിരുവചനം വ്യക്തമായി പഠിപ്പിക്കുന്നു എന്നാൽ ക്രിസ്ത്യാനിക്കു മാത്രമേ രക്ഷയുള്ളു എന്ന് തിരുവചനം പഠിപ്പിക്കുന്നില്ല. ആധുനിക സഭാവിശ്വാസങ്ങൾ പഠിപ്പിക്കുന്നത് ക്രിസ്ത്യാനികൾക്ക് മാത്രമേ രക്ഷയുള്ളൂ എന്നാണ്. യേശുക്രിസ്തുവിന്റെ മനുഷ്യാവതാരം ഈലോകത്തിനു തന്നെ ഒരു പുതുജീവൻ നൽകി കഴിഞ്ഞു. എന്നാൽ തന്നെ അറിയുകയും സഭയിൽ ചേരുകയും ചെയ്താൽ സമൃദ്ധിയായി ജീവൻ ലഭിക്കുകയും ചെയ്യും. യേശുക്രിസ്തു ദൈവമാകയാൽ ക്രിസ്ത്യാനികളുടെ മാത്രം ദൈവമല്ല സകലർക്കും ദൈവമാണ്.ദൈവത്തിനു മുഖപക്ഷമില്ല

എന്നും, ഏതുജാതിയിലും അവനെ ഭയപ്പെട്ടു നീതി പ്രവർത്തിക്കുന്നവരെ അവൻ അംഗീകരിക്കുന്നു.(അ.പ്ര.10:34-35) എന്ന പത്രോസ് ശ്ലീഹായുടെ വാക്കുകൾ പഠിപ്പിക്കുന്നത് ആരാണ് രക്ഷിക്കപ്പെടുന്നത് എന്ന ചോദ്യത്തിന് ഉത്തരമാണ്.

രക്ഷ പ്രാപിക്കുവാൻ നാം എന്തുചെയ്യണം?

രക്ഷ പ്രാപിക്കുന്നതിന് വിശ്വാസം മാത്രം മതി സത്പ്രവർത്തികളോ കൽപനകളുടെ അനുസരണമോ ആവശ്യമില്ലെന്നാണ് മിക്ക പെന്തക്കോസ്തു, പ്രോട്ടസ്റ്റന്റ് സമൂഹങ്ങളും പഠിപ്പിക്കുന്നത് അതിന് ആധാരമായി അവർ, കാരാഗൃഹ പ്രമാണിയോട് ശ്ലീഹന്മാർ പറഞ്ഞ വചനത്തെ ഉപയോഗിക്കുന്നു. “കർത്താവായ യേശുവിൽ വിശ്വസിക്കുക എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും” (അ. പ്രവർത്തി 16:31). ഒരുവനെ രക്ഷിക്കുന്നത് യേശു ദൈവമാണെന്നുള്ള വിശ്വാസം മാത്രമല്ല അവിടുത്തെ വചനം അനുസരിച്ച് ഫലം പുറപ്പെടുവിക്കുന്ന വിശ്വാസമാണ് അതിന് യാക്കോബ് ശ്ലീഹാ സാക്ഷ്യം പറയുന്നു. “ദൈവം ഏകൻ എന്ന് നീ വിശ്വസിക്കുന്നുവോ പിശാചുക്കളും അങ്ങനെതന്നെ വിശ്വസിക്കുകയും വിറയ്ക്കുകയും ചെയ്യുന്നു. വ്യർത്ഥ മനുഷ്യാ പ്രവർത്തിയില്ലാത്ത വിശ്വാസം നിഷ്ഫലമെന്ന് ഗ്രഹിക്കുവാൻ നിനക്ക് മനസ്സുണ്ടോ? അങ്ങനെ മനുഷ്യൻ വെറും വിശ്വാസത്താലല്ല പ്രവർത്തികളാൽ തന്നെ നീതീകരിക്കപ്പെടുന്നു” (യാക്കോബ് 2:19, 20, 24) വിശ്വാസമാകുന്ന താലന്ത് ലഭിച്ചിട്ടും അതുപയോഗിച്ച് ഫലം പുറപ്പെടുവിക്കുക എന്ന കർത്താവിന്റെ ഇഷ്ടം ചെയ്യാതെ കർത്താവെ കർത്താവെ എന്ന് വിളിച്ചപേക്ഷിക്കുക മാത്രം ചെയ്യുന്നവരുടെ വിശ്വാസമല്ല രക്ഷയ്ക്ക് അർഹമാകുന്നത്. (മത്തായി.7:24) പ്രാർത്ഥനയിലും ദാനധർമ്മത്തിലും മുഴുകി യേശുവിന്റെ ഹിതമനുസരിച്ച് പ്രവർത്തിച്ചതിനാലാണ് വിജാതീയനായ കൊർണോലിയൂസ് ദൈവസന്നിധിയിൽ സ്മരിക്കപ്പെട്ടതും അവനെ രക്ഷയിലേക്ക് നയിക്കാൻ കാരണമായി തീർന്നതും (അ. പ്രവർത്തി 10:4) ആത്മാവില്ലാത്ത ശരീരം നിർ ജ്ജീവമായിരിക്കുന്നതുപോലെ പ്രവൃത്തിയില്ലാത്ത വിശ്വാസവും നിർജ്ജീവ മാണ് (യാക്കോ. 2:26) നല്ല വൃക്ഷത്തിന് നല്ല ഫലങ്ങൾ പുറപ്പെടുവിക്കാതിരി ക്കാൻ സാധിക്കുകയില്ല അതുപോലെ യേശുവിൽ വിശ്വസിക്കുന്നവർക്ക് സത് പ്രവർത്തികൾ ചെയ്യാതിരിക്കാൻ സാധിക്കുകയില്ല.

അതായത് രക്ഷപ്രാപിക്കുവാൻ യേശുവിലുള്ള വിശ്വാസം മാത്രം പോരാ അതനുസരിച്ചുള്ള പ്രവർത്തിയും ജീവിതത്തിൽ ഉണ്ടാകേണ്ടതാണ്.

ഞങ്ങൾ രക്ഷിക്കപ്പെട്ടു കഴിഞ്ഞവരാണ് എന്നവകാശപ്പെടുന്ന ചിലരെ നാം കണ്ടുമുട്ടാറുണ്ട്. എന്നാൽ വചനം പറയുന്നു. ‘‘നാം വിശ്വസിച്ച സമയത്തെക്കാൾ രക്ഷ ഇപ്പോൾ അധികം അടുത്തിരിക്കുന്നു” (റോമർ 13:11) അതുപോലെ “ഈ സമയത്തും പൂർവ്വാധികം ഭയത്തോടും വിറയലോടും കൂടെ നിങ്ങളുടെ സ്വന്തം രക്ഷക്കായി അധ്വാനിക്കുവിൻ” (ഫിലി. 2:12). കൂടാതെ “രക്ഷയിലേക്ക് വളർന്നു വരേണ്ടതിന് നിങ്ങൾ വചനം എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ചിപ്പിൻ” (1 പത്രോസ് 2:2) ഇതിൽനിന്ന് മനസ്സിലാകുന്നത് രക്ഷ എന്നത് വിശ്വസിച്ച സമയത്ത് ലഭിക്കുന്നത് അല്ല. രക്ഷിക്കപ്പെട്ടവർ(വിശ്വസിച്ചവർ) തിരസ്ക്കരിക്കപ്പെടാതിരിപ്പാൻ കഠിനാദ്ധ്വാനം ചെയ്യുവാൻ പൗലോസ് ശ്ലീഹാ ആഹ്വാനം ചെയ്യുന്നു. വിശ്വസിച്ചതുകൊണ്ട് എല്ലാമായി എന്നു കരുതി കൈയ്യും കെട്ടി ഇരിക്കാനുള്ളതല്ല ക്രിസ്തീയ ജീവിതം. പോരാട്ടം നിറഞ്ഞതാണ് ഈ ഭൗമികജീവിതം. വിശ്വാസത്തിൽ നാം നിലനിൽക്കണം. അതിൽ വളരണം പ്രവർത്തിയിലൂടെ പൂർത്തീകരിക്കണം. ഉറച്ചു നിൽക്കുകയാണെങ്കിൽ നാം അവനോട് കൂടെ വാഴും (2 തീമോ. 2:12) അവസാനം വരെ സഹിച്ചുനിൽക്കുന്നവൻ രക്ഷിക്കപ്പെടും (മത്തായി 10:22). അതിനാൽ നമ്മുടെ ആദ്യവിശ്വാസത്തെ അവസാനം വരെ മുറുകെ പിടിക്കു മെങ്കിൽ മാത്രമേ നാം ക്രിസ്തുവിൽ പങ്കുകാരാവുകയുള്ളൂ (എബ്രാ. 3:14)

രക്ഷയുടെ പൂർത്തീകരണം എപ്പോഴാണ്? അല്ലെങ്കിൽ എപ്പോഴാണ് രക്ഷിക്കപ്പെടുന്നത്?

നൂതന സഭാവിഭാഗങ്ങൾ പഠിപ്പിക്കുന്നതനുസരിച്ച് രക്ഷ ഒരു പ്രത്യേക സമയത്ത് ഈ ലോകത്തുവച്ചുതന്നെ സംഭവിക്കുന്നു എന്നാണ്. അതായത് കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ചാൽ മാത്രം മതി. വിശ്വസിക്കുന്ന സമയത്തുതന്നെ നീ രക്ഷിക്കപ്പെട്ടു. എന്നാൽ വി.വേദപുസ്തകം പരിശോധിക്കുമ്പോൾ രക്ഷിക്കപ്പെടും എന്ന ഭാവികാലരൂപത്തിലുള്ള പ്രയോഗമാണ് കൂടുതൽ കാണുവാൻ കഴിയുന്നത് (മത്തായി 24:13, റോമർ 5:9, 10). 1 കോരി. 2:9-ൽ പറയുന്നതുപോലെ കർത്താവ് ഒരുക്കിയിരിക്കുന്ന രക്ഷ മനുഷ്യമനസ്സിന് അചിന്ത്യമാണ്.

കർത്താവിന്റെ മനുഷ്യാവതാരത്തോടെ ആരംഭിച്ച രക്ഷാപ്രവർത്തി ഇന്നും തുടരുന്നു കർത്താവിൽ വിശ്വസിച്ചവരായ രക്ഷിതഗണത്തിന് അതായത് വിശ്വാസികൾക്ക് നേരിടുന്ന പ്രതികൂല സാഹചര്യങ്ങളിൽ രക്ഷാപ്രക്രിയ തുടരേണ്ടതാണ്, അത് ആവശ്യവുമാണ്. ക്രിസ്തുവിൽ വിശ്വസിച്ച് സഭയോട് ചേരുന്ന വ്യക്തി മാമോദീസ ഏറ്റസമയം മുതൽ പരിശുദ്ധാത്മാവ് രക്ഷയുടെ പ്രവർത്തി നമ്മിൽ തുടരുന്നു. പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ഉണ്ടാകുമ്പോൾ രക്ഷ സ്വീകരിച്ച ഒരു വിശ്വാസി നിഷ്ക്രിയനായിരിക്കുവാൻ പാടില്ല. രക്ഷ സ്വീകരിക്കുന്നവർ അതിനു തക്കപ്രവർത്തികൾ ചെയ്തു രക്ഷയിൽ വളരണം എന്നാണ് ദൈവം ആഗ്രഹിക്കുന്നത്.

ക്രിസ്ത്യാനി രക്ഷിക്കപ്പെട്ടവനാണ്, അവൻ ദൈവത്തോടുള്ള ശരിയായ ബന്ധം പാലിക്കുന്നിടത്തോളം നീതിമാനുമാണ്. എങ്കിലും അതേ സമയത്ത് പാപിയുമാണ്. പാപക്ഷമ ലഭിച്ച പാപി. അവന്റെ ആളത്തത്തിന്റെ ധാർമ്മിക നവീകരണം അപൂർണ്ണമാണ്. ക്രിസ്ത്യാനിയുടെ ജീവിതം ഏകസമയത്ത് വർത്തമാനകാല ജീവിതവും ഇനി വരുവാനുള്ള ഒരു ജീവിതവുമാകുന്നു. അവൻ ക്രിസ്തുവിനോട് കൂടെ വിശ്വാസത്താൽ ഐക്യപ്പെടുകയും അവന്റെ ജീവിതത്തിൽ പങ്കാളിയാക്കുകയും ചെയ്യുന്നതുകൊണ്ട് രക്ഷ കരഗതമായിരിക്കുന്നു എങ്കിലും ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തുവിനോട് ചേർന്നുള്ള നിത്യജീവന്റെ അവകാശമായും കർത്താവിന്റെ രണ്ടാമത്തെ വരവിൽ സ്ഥാപിതമാകുന്ന പുതിയ രാജ്യത്തിലെ ജീവിതമായും രക്ഷ ചിന്തിക്കുമ്പോൾ രക്ഷ ഒരുനിമിഷം കൊണ്ട് പൂർത്തീകരിക്കുന്നതല്ല.

പത്രോസ് അപ്പോസ്തോലന്റെ വാക്കുകളിൽ രക്ഷ അന്ത്യകാലത്തിൽ വെളിപ്പെടുവാൻ ഒരുക്കിയിരിക്കുന്നതാണ് അതിനു വേണ്ടി നമ്മെ വിശ്വാസത്താൽ ദൈവശക്തിയിൽ കാക്കപ്പെടുകയും ചെയ്യുന്നു. പാപത്തിൽ നിന്നും അന്ത്യന്യായവിധിയിൽ നിന്നുള്ള വിടുതലും ദൈവരാജ്യത്തിലെ നിത്യജീവനുമായിട്ട് ചിന്തിക്കുമ്പോൾ രക്ഷയുടെ പൂർത്തീകരണം കർത്താവിന്റെ രണ്ടാമത്തെ വരവിലാണ്. അതിനാണ് നാം പ്രത്യാശയോടെ കാത്തിരിക്കുന്നതും അതിനാൽ കൃപയാൽ എന്നെ രക്ഷിച്ചു, അനുദിനം രക്ഷിക്കുന്നു, പൂർണ്ണമായ രക്ഷയ്ക്കായി നോക്കിപ്പാർക്കുന്നു എന്നാണ് രക്ഷയെക്കുറിച്ച് പറയേണ്ടത്.

രക്ഷയെക്കുറിച്ച് ഓർത്തഡോക്സ് സഭ പഠിപ്പിക്കുന്നത് യേശുക്രിസ്തുവിൽ ഉള്ള വിശ്വാസത്തിൽ എന്നെ രക്ഷിച്ചു, ഞാൻ രക്ഷയുടെ പാതയിലാണ്, ഞാൻ രക്ഷിക്കപ്പെടും. ആ ലക്ഷ്യത്തിലേക്ക് പ്രയാണം ചെയ്യുന്നു എന്നാണ്. ■

ഫാ. ജോസ് തോമസ് പൂവത്തുങ്കൽ അഖില മലങ്കര ശുശ്രൂഷക സംഘം വൈസ് പ്രസിഡൻറ്

അഖില മലങ്കര ശുശ്രൂഷക സംഘം (AMOSS) വൈസ് പ്രസിഡൻറായി ഫാ. ജോസ് തോമസ് പൂവത്തുങ്കലിനെ പ. കാതോലിക്കാ ബാവാ നിയമിച്ചു.

